2023
MAY
26
FRIDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

വയബീൻ
WAYA BEAN
വയനാടൻ ഉൽപ്പന്നങ്ങൾ
Home Delivery
9847 12 9091, 96455 97621



## കൊച്ചി വിമാനത്താവളത്തിന് 25 വയസ്

**നെടുമ്പാശേരി:** മലയാളികളുടെ ആകാശ സ്വപ്നങ്ങൾക്ക് നിറമേകിയ കൊച്ചി രാജ്യാന്തര വിമാനത്താവളം 25ാം പ്രവർത്തന വർഷത്തിലേക്ക്. രണ്ടു പൂവ് നെല്ലു വിളഞ്ഞിരുന്ന പാടശേഖരം രാജ്യാന്തര വ്യോമയാന ഭൂപടത്തിലെ ശ്രദ്ധാകേന്ദ്രമായി മാറിയിട്ട് നാളെ 24 വർഷം പൂർത്തിയാകും.25ാം വർഷത്തിൽ 1000 കോടി രൂപയുടെ വികസന പദ്ധതികളാണു നടപ്പാക്കുക.

പൊതു സ്വകാര്യ പങ്കാളിത്തത്തോടെ രാജ്യത്ത് ആദ്യമായി നിർമിച്ച (ഗ്രീൻഫീൽഡ്) വിമാനത്താവളമാണ് നെടുമ്പാശേരിയിലേത്. 1994 മാർച്ച് 30ന് കൊച്ചി രാജ്യാന്തര വിമാനത്താവള കമ്പനി (സിയാൽ) റജിസ്റ്റർ ചെയ്തു. 1300 ഏക്കറിൽ നിർമിച്ച വിമാനത്താവളം 1999 മേയ് 25ന് അന്നത്തെ രാഷ്ട്രപതി കെ.ആർ നാരായണൻ രാജ്യത്തിന് സമർപ്പിച്ചു. ജൂൺ 10ന് ആദ്യ വാണിജ്യ വിമാനമിറങ്ങി. ജൂലൈ ആദ്യവാരത്തോടെ നാവിക വിമാനത്താവളത്തിൽ നിന്നുള്ള മുഴുവൻ വാണിജ്യ സർവീസുകളും നെടുമ്പാശേരിയിലേക്ക് മാറ്റി.

നിലവിൽ 15 ലക്ഷം ചതുരശ്ര അടി വിസ്തീർണമുള്ള രാജ്യാന്തര ടെർമിനൽ, 6 ലക്ഷം ചതുരശ്ര അടി വിസ്തീർണമുള്ള ആഭ്യന്തര ടെർമിനൽ, ബിസിനസ് ജെറ്റ് വിമാനങ്ങൾക്കായി പ്രത്യേക ജെറ്റ് ടെർമിനൽ, 35000 ചതുരശ്ര അടി വിസ്തീർണമുള്ള പ്രത്യേക വിവിഐപി ലൗഞ്ച്, വിദേശ, ആഭ്യന്തര കാർഗോ കൈകാര്യം ചെയ്യുന്നതിനായി കാർഗോ ടെർമിനലുകൾ എന്നിവയുണ്ട്.

2018ൽ യാത്രക്കാരുടെ എണ്ണം 1 കോടി പിന്നിട്ടെങ്കിലും കോവിഡ് വ്യാപനത്തിൽ 29 ലക്ഷമായി ചുരുങ്ങി. എന്നാൽ, 2022,23ൽ എണ്ണം 89.28 ലക്ഷമായി. വർഷാവസാനത്തോടെ യാത്രക്കാരുടെ എണ്ണം വീണ്ടും ഒരു കോടിയിലെത്തുമെന്നാണ് കണക്കാക്കുന്നത്. ഈ വർഷം അവസാനത്തോടെ വിമാനസർവീസുകളുടെ എണ്ണം 70000 ആകും. പൂർണമായും സൗരോർജത്തിൽ പ്രവർത്തിക്കുന്ന ആദ്യ വിമാനത്താവളമെന്ന ഖ്യാതിയാണു സിയാലിനെ വേറിട്ടു നിർത്തുന്നത്.

പുതിയ വികസന പദ്ധതികളിൽ പ്രധാനം 425 കോടി രൂപ ചെലവു കണക്കാക്കുന്ന രാജ്യാന്തര ടെർമിനലിന്റെ വിപുലീകരണമാണ്.പഞ്ചനക്ഷത്ര ഹോട്ടൽ, ട്രാൻസിറ്റ് ഹോട്ടൽ, രാജ്യാന്തര കാർഗോ ടെർമിനൽ, ഗോൾഫ് ടൂറിസം പദ്ധതി, വാണിജ്യ മേഖല എന്നിവ ഈ വർഷം പൂർത്തിയാകുന്നതും ആരംഭം കുറിക്കുന്നതുമായ പദ്ധതികളാണ്.

### ആശുപത്രികളുടെ സംരക്ഷണം

# സുരക്ഷയ്ക്ക് എസ്.ഐ.എസ്.എഫ്




**കൊച്ചി:**പ്രതികളെ മജിസ്ട്രേറ്റിനും ഡോക്ടർമാർക്കും മുന്നിൽ ഹാജരാക്കുമ്പോൾ പാലിക്കേണ്ട പ്രോട്ടോക്കോളിന്റെ കരട് സർക്കാർ ഹൈക്കോടതിയ്ക്ക് കൈമാറി.ആശുപത്രികളുടെ സുരക്ഷ ഉറപ്പു വരുത്താനുള്ള ഓർഡിനൻസ് പുറപ്പെടുവിച്ചിതായും സർക്കാർ ഹൈക്കോടതിയെ അറിയിച്ചു.സർക്കാർ ആശുപത്രികളുടെ സുരക്ഷയ്ക്കായി സംസ്ഥാന വ്യവസായ സുരക്ഷാസേനയെ (എസ്.ഐ.എസ്.എഫ്)നെ നിയോഗിക്കുമെന്നും സർക്കാർ വ്യക്തമാക്കി.ആദ്യം മെഡിക്കൽ കോളജുകളിലായിരിക്കും എസ്.ഐ.എസ്.എഫ്നെ നിയോഗിക്കുക. സുരക്ഷ ഒരുക്കേണ്ട ആശുപത്രികളുടെ മുൻഗണനാ പട്ടിക ആരോഗ്യവകുപ്പ് തയ്യാറാക്കും.സ്വകാര്യ ആശുപത്രികളിൽ സേനയെ നിയോഗിക്കേണ്ടതിന്റെ ചെലവ് അതാത് മാനേജുമെന്റുകൾ വഹിക്കണം.കൊട്ടാരക്കര താലൂക്ക് ആശുപത്രിയിൽ ഡോ. വന്ദന ദാസ് കുത്തേറ്റു മരിച്ച സംഭവം സംബന്ധിച്ച കേസ് പരിഗണിക്കവെയൊണ് സർക്കാർ ഇക്കാര്യം കോടതിയെ അറിയിച്ചത്.പ്രാട്ടോക്കോൾ അന്തിമമാക്കും മുൻപ് കേരള ജുഡീഷ്യൽ ഓഫിസേഴ്സ് അസോസിയേഷൻ, ആരോഗ്യ സർവകലാശാല, ഐഎംഎ, കെജിഎംഒഎ, കേരള പ്രൈവറ്റ് ഹോസ്പിറ്റൽസ് അസോസിയേഷൻ, ഗവ. മെഡിക്കൽ കോളജ് ടീച്ചേഴ്സ് അസോസിയേഷൻ എന്നിവയുടെ അഭിപ്രായം തേടണമെന്ന് കോടതി നിർദ്ദേശിച്ചു.പ്രതികൾക്കു ഡോക്ടറോടു സംസാരിക്കാനുള്ള സ്വകാര്യത ഉറപ്പാക്കുന്നതിനൊപ്പം ഡോക്ടറുടെ സുരക്ഷയും നോക്കണം. ജുഡീഷ്യൽ ഓഫിസർമാർ പോലീസിനു നിർദേശം നൽകുന്നതു പോലെ ഡോക്ടർമാർക്കു സാധിക്കാറില്ലെന്നും കോടതി ചൂണ്ടിക്കാട്ടി. ആശുപത്രി ഉപകരണം തന്നെ ഡോക്ടറെ കുത്താൻ പ്രതി ഉപയോഗിച്ച സംഭവം അങ്ങേയറ്റം ദൗർഭാഗ്യകരമായിപ്പോയി. കാണാവുന്ന അകലത്തിൽ പോലീസ് നിലകൊള്ളേണ്ടതിന്റെ ആവശ്യം ബോധ്യപ്പെടുത്തുന്ന സംഭവമാണിതെന്നും കോടതി ചൂണ്ടിക്കാട്ടി.സ്വകാര്യ ആശുപത്രികൾക്കും എസ്.ഐ.എസ്.എഫ് ന്റെ സേവനം സ്വകാര്യ ആശുപത്രികൾക്കും ലഭ്യമാക്കുന്ന കാര്യം പരിഗണിക്കണം.ആരോഗ്യപ്രവർത്തകർക്കു നേരെയുള്ള അക്രമങ്ങളുടെ വിവരം ലഭിച്ച് ഒരു മണിക്കൂറിനുള്ളിൽ എഫ്.ഐ.ആർ.രജിസ്റ്റർ ചെയ്ത് പ്രതികളെ അറസ്റ്റ് ചെയ്യണമെന്ന ഉത്തരവു കോടതി നീട്ടി. കൊല്ലപ്പെട്ട ഡോ. വന്ദന ദാസിന്റെ കുടുംബത്തിനു നഷ്ടപരിഹാരം നൽകുന്ന കാര്യം സജീവ പരിഗണനയിലാണെന്നും സർക്കാർ ഹൈക്കോടതിയെ അറിയിച്ചു. ഡോ. വന്ദനയുടെ മാതാപിതാക്കൾക്ക് ഒരു കോടി രൂപ നഷ്ടപരിഹാരം നൽകണമെന്ന ഹരജിയിലാണ് സർക്കാർ ഇക്കാര്യം അറിയിച്ചത്.

## ഹയർ സെക്കൻഡറി: 82.95 ശതമാനം വിജയം

### വിഎച്ച്എസ്ഇയിൽ വിജയം 78.39 ശതമാനം. ഹയർസെക്കൻഡറിയിൽ വിജയം കുറഞ്ഞു.വിഎച്ച്എസ്ഇയിൽ കൂടി

**തിരുവനന്തപുരം:** ഹയർ സെക്കൻഡറി പരീക്ഷയിൽ 82.95 ശതമാനവും വൊക്കേഷനൽ ഹയർ സെക്കൻഡറിയിൽ (വിഎച്ച്എസ്ഇ) 78.39 ശതമാനവും വിജയം. മുൻ വർഷത്തെ അപേക്ഷിച്ച് ഇക്കുറി ഹയർ സെക്കൻഡറിയിൽ വിജയം 0.92% കുറഞ്ഞു.കഴിഞ്ഞവർഷം 83.87%ശതമാനമായിരുന്നു വിജയം. അതേ സമയം വിഎച്ച്എസ്ഇയിൽ 0.13% കൂടി.കഴിഞ്ഞവർഷം 78.26% ശതമാനമായിരുന്നു.റെഗുലർ വിഭാഗത്തിൽ 3,76,135 വിദ്യാർഥികൾ പരീക്ഷ എഴുതി,ഇതിൽ 71 ഹയർ സെക്കൻഡറി വിദ്യാർഥികൾ മുഴുവൻ മാർക്കും നേടി. 33,815 വിദ്യാർഥികൾ ഫുൾ എപ്ലസ് കരസ്ഥമാക്കി. 77 സ്കൂളുകൾ നൂറു ശതമാനം വിജയം നേടി. ടെക്നിക്കൽ സ്കൂൾ വിഭാഗത്തിൽ 75.3%, ഓപ്പൺ സ്കൂൾ സംവിധാനമായ സ്കോൾ കേരളയിൽ 48.73% വീതമാണു വിജയം. ഒന്നും രണ്ടും വർഷ മാർക്കുകൾ ചേർത്താണു ഫലം പ്രഖ്യാപിച്ചത്.

## പ്ലസ് വൺ: പ്രവേശന നടപടി ജൂൺ രണ്ടു മുതൽ

**തിരുവനന്തപുരം :** ഒന്നാം വർഷ ഹയർ സെക്കൻഡറി, വൊക്കേഷനൽ ഹയർ സെക്കൻഡറി പ്രവേശന നടപടികൾ ജൂൺ രണ്ടിനു തുടങ്ങും. ജൂൺ ഒമ്പതു വരെയാണ് ആദ്യ ഘട്ടത്തിലേക്ക് ഓൺലൈനായി അപേക്ഷിക്കേണ്ടത്. ഏകജാലക സംവിധാനത്തിലൂടെ 13നു ട്രയൽ അലോട്മെന്റും 19ന് ആദ്യ അലോട്മെന്റും പ്രസിദ്ധീകരിക്കും. ആദ്യ ഘട്ടത്തിൽ മൂന്നു അലോട്മെന്റുകളുണ്ടാകും. മൂന്നാം അലോട്മെന്റ് ജൂലൈ ഒന്നിനു പ്രസിദ്ധീകരിക്കും. ജൂലൈ 5നു ക്ലാസ് തുടങ്ങും. ഇതിനുശേഷം വീണ്ടും അപേക്ഷിക്കാൻ അവസരം നൽകി 2 സപ്ലിമെന്ററി അലോട്മെന്റ് കൂടി നടത്തും. ഓഗസ്റ്റ് 4നു പ്രവേശനം പൂർത്തിയാക്കും.



## ഡെങ്കിപ്പനിക്കെതിരെ ജാഗ്രത പാലിക്കണം: മന്ത്രി വീണാ ജോർജ്

**തിരുവനന്തപുരം:** സംസ്ഥാനത്ത് ഇടവിട്ട് മഴ തുടരുന്ന സാഹചര്യത്തിൽ ഡെങ്കിപ്പനിയ്ക്കെതിരെ ജാഗ്രത പാലിക്കണമെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. ഡെങ്കിപ്പനി വ്യാപിക്കാതിരിക്കാൻ എല്ലാവരും മുൻകരുതലുകളെടുക്കണം. എറണാകുളം, തിരുവനന്തപുരം ഉൾപ്പെടെയുള്ള ജില്ലകളിൽ പ്രതിരോധ പ്രവർത്തനങ്ങൾ ശക്തമാക്കണം. മഴക്കാല പൂർവ ശുചീകരണ പ്രവർത്തനങ്ങൾ ഊർജിതമാക്കാൻ മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ വളരെ നേരത്തെ തന്നെ യോഗം ചേർന്നിരുന്നു. ഇതുകൂടാതെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ നേതൃത്വത്തിലുള്ള പ്രവർത്തനങ്ങളും ആരോഗ്യ ജാഗ്രതാ കലണ്ടർ പ്രകാരമുള്ള ആരോഗ്യ വകുപ്പിന്റെ പ്രവർത്തനങ്ങളും നടന്നു വരുന്നുണ്ട്. കൊതുക് നശീകരണ പ്രവർത്തനങ്ങൾക്കും ഉറവിട നശീകരണ പ്രവർത്തനങ്ങൾക്കും പ്രധാന്യം നൽകണം. അവബോധ പ്രവർത്തനങ്ങൾ കൂടുതൽ ശക്തമാക്കാനും ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് മന്ത്രി നിർദേശം നൽകി.

വീടിന്റെ പുറത്തും അകത്തും ചെറുതും വലുതുമായ ഇടങ്ങളിൽ വെള്ളം കെട്ടി നിൽക്കാതെ നോക്കണം. വീടിന്റെ ചുറ്റുപാട്, ടെറസ് എന്നിവിടങ്ങളിലും വെള്ളം കെട്ടിനിൽക്കാതെ നോക്കണം. അലക്ഷ്യമായി വലിച്ചെറിയുന്ന പ്ലാസ്റ്റിക്ക്, ചിരട്ട മുതലായവയിൽ വെള്ളം കെട്ടി നിന്ന് കൊതുക് വളരാം. വീട്ടിനകത്തെ ചെടികൾ വയ്ക്കുന്ന ട്രേ കൊതുകിന്റെ ഉറവിടമാകാറായി കാണുന്നുണ്ട്. അതിനാൽ ചെടിച്ചട്ടികളുടെയും ഫ്രിഡ്ജിലേയും ട്രേയിലെ വെള്ളം ആഴ്ച തോറും മാറ്റണം.

അടഞ്ഞുകിടക്കുന്ന വീടുകൾ, സ്ഥാപനങ്ങൾ, ഉപയോഗശൂന്യമായ ടയറുകൾ, ബ്ലോക്കായ ഓടകൾ, വീടിനകത്തെ ചെടികൾ, വെള്ളത്തിന്റെ ടാങ്കുകൾ, ഹാർഡ് വെയർ കടകളിലേയും, അടഞ്ഞ് കിടക്കുന്ന വീടുകളിലേയും ക്ലോസറ്റുകൾ, പഴയ വാഹനങ്ങൾ എന്നിവയും ശ്രദ്ധിക്കണം. നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്ന സ്ഥലങ്ങളിൽ കൂത്താടി പ്രജനനം നടക്കുന്നുണ്ടോ എന്ന് പ്രത്യേകം ശ്രദ്ധിക്കണം. സ്ഥാപനങ്ങൾ, ആശുപത്രികൾ, ഹോസ്റ്റലുകൾ എന്നിവ കൃത്യമായി ശുചീകരിക്കണം. അതിഥി തൊഴിലാളികളുടെ താമസ സ്ഥലങ്ങളും പ്രത്യേകം ശ്രദ്ധിക്കണം.

നീണ്ടുനിൽക്കുന്ന പനി ശ്രദ്ധിക്കണം. പനി ബാധിച്ച് സങ്കീർണമാകുമ്പോഴാണ് പലരും ആശുപത്രിയിലെത്തുന്നത്. ഇത് രോഗം ഗുരുതരമാക്കും. അതിനാൽ പനി ബാധിച്ചാൽ മറ്റ് പകർച്ചപ്പനികളല്ലെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

## വെബിനാർ സംഘടിപ്പിക്കും

**തിരുവനന്തപുരം:** കേരള സർക്കാർ വ്യവസായ വാണിജ്യ വകുപ്പ്, സംരംഭകത്വ വികസന സ്ഥാപനമായ കേരള ഇൻസ്റ്റിട്യൂട്ട് ഫോർ എന്റർപ്രണർഷിപ്പ് ഡെവലപ്മെന്റിന്റെ നേതൃത്വത്തിൽ വർക്കിംഗ് ക്യാപിറ്റൽ മാനേജ്മന്റ് എന്ന വിഷയത്തിൽ വെബ്ബിനാർ സംഘടിപ്പിക്കും. മെയ് 31ന് രാവിലെ 11 മണിക്ക് സൂം മീറ്റ് വഴിയാണ് വെബ്ബിനാർ സംഘടിപ്പിക്കുന്നത്. താല്പര്യമുള്ളവർ www.kied.info എന്ന വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്.

# നെല്ലു വില കിട്ടാതെ കർഷകർ

# പ്രതിസന്ധിക്കിടയിലും കുട്ടനാട്ടിൽ രണ്ടാം കൃഷിക്ക് തുടക്കം



**എടത്വ :** നെല്ലു വില കിട്ടാത്തത് ഉൾപ്പെടെയുള്ള പ്രതിസന്ധിക്കിടയിൽ കുട്ടനാട്ടിൽ രണ്ടാം കൃഷിക്കു തുടക്കമായി. തകഴി കൃഷിഭവൻ പരിധിയിൽ 85 ഏക്കർ വരുന്ന കൊല്ലം പറമ്പ്, 135 ഏക്കർ വരുന്ന പോളേപ്പാടം, എടത്വ കൃഷിഭവൻ പരിധിയിൽ വരുന്ന ദേവസ്വം വരമ്പിനകം, തായങ്കരി ചിറയ്ക്കകം തുടങ്ങിയ പാടശേഖരങ്ങളിൽ ഇന്നലെ വിത നടത്തി. ഇന്ന് കറുകമയ്യക്കോണം, ചുങ്കം ഇടച്ചുങ്കം തുടങ്ങിയ പാടശേഖരങ്ങളിലും വിത നടത്തും. കൃഷി മുന്നോട്ടു കൊണ്ടുപോകാനുള്ള പണം കണ്ടെത്താൻ ബുദ്ധിമുട്ടുന്നതിനിടെയാണ് വിത തുടങ്ങിയത്. സർക്കാർ വിത്ത് കൃഷി ഭവനിൽ നിന്നും കർഷകർക്ക് ലഭിച്ചെങ്കിലും അത് വിതയ്ക്കാനുള്ള കൂലി പോലും ഇല്ല.സർക്കാർ നൽകിയിരുന്ന ആനുകൂല്യങ്ങൾ ഒന്നും ഇപ്പോൾ ലഭിക്കുന്നില്ല.

വിതയ്ക്ക് മുൻപ് ഉഴുന്ന സമയത്ത് പാടശേഖരത്തെ പുളിരസം കളയുന്നതിന് പാടത്ത് ഇട്ടിരുന്ന നീറ്റുകക്കയോ ഡോളമേറ്റോ സർക്കാർ നൽകുന്നില്ല.കഴിഞ്ഞ പുഞ്ചക്കൃഷി മുതൽ ഇതാണ് സ്ഥിതി. അതുകൊണ്ടുതന്നെ ഇക്കുറി വിളവിൽ വലിയ കുറവുണ്ടായി. ഏക്കറിന് 30 കിന്റൽ ലഭിക്കേണ്ട സ്ഥാനത്ത് ശരാശരി 20 കിന്റലിനു താഴെയാണ് ലഭിച്ചത്. രണ്ടു പ്രാവശ്യമായി ഹെക്ടറിന് 600 കിലോയാണ് സർക്കാർ സബ്സിഡി നിരക്കിൽ നൽകേണ്ടത്. രണ്ടാം കൃഷിക്കാണ് ഇത് കൂടുതലായി നൽകേണ്ടത്. രണ്ടാം കൃഷി ചെയ്യാൻ അത്യാവശ്യം വേണ്ടത് ബണ്ടുകളുടെ സംരക്ഷണമാണ്.

പുഞ്ചക്കൃഷിക്കു ശേഷം പാടശേഖരത്തിനു ചുറ്റും റിങ് ബണ്ട് നിർമിക്കുക പതിവാണ്. കർഷകരുടെ നേതൃത്വത്തിൽ റിങ് ബണ്ട് നിർമിക്കുകയും എൻജിനീയറിങ് സെക്ഷന്റെ നേതൃത്വത്തിൽ പരിശോധിക്കുകയും കൃഷി വകുപ്പ് കർഷകരുടെ വിഹിതം കിഴിച്ച് ബാക്കി നൽകുകയുമാണ് ചെയ്യുന്നത്. എന്നാൽ കഴിഞ്ഞ 3 സീസണിലായി ലക്ഷക്കണക്കിനു രൂപയാണ് കർഷകർക്ക് നൽകാനുള്ളത്. തകഴി കൊല്ലം പറമ്പ് പാടശേഖരത്തിന് 3 പ്രാവശ്യമായി തുക ലഭിക്കാനുണ്ടെന്ന് പാടശേഖര സമിതി സെക്രട്ടറിപറഞ്ഞു. പ്രകൃതിക്ഷോഭം കാരണം നെല്ലു നശിച്ച കർഷകർക്ക് ഇൻഷുറൻസ് പരിരക്ഷ ലഭിച്ചിട്ടില്ല.

# ചെറുപുഴ ചെക്ഡാമിൽ പെഡൽ ബോട്ട് സൗകര്യം ഒരുങ്ങി



**ചെറുപുഴ:** വിനോദ സഞ്ചാരികളെ ആകർഷിക്കുന്നതിനു ചെറുപുഴ ചെക്ഡാമിൽ പെഡൽ ബോട്ട് സൗകര്യം ഒരുങ്ങി. ചെറുപുഴ പഞ്ചായത്തിന്റെയും ഹിൽ ടൂറിസം ഡവലപ്മെന്റ് സൊസൈറ്റിയുടെയും നേതൃത്വത്തിലാണു തേജസ്വിനിപ്പുഴയുടെ കമ്പിപ്പാലം ഭാഗത്തു പെഡൽ ബോട്ടിങ് സൗകര്യം ഒരുക്കിയത്. ഒരേ സമയം 4 പേർക്ക് സഞ്ചരിക്കാൻ കഴിയുന്ന 3 പെഡൽ ബോട്ടുകളാണു കഴിഞ്ഞ ദിവസം പുഴയിലിറക്കിയത്. എല്ലാ സുരക്ഷ മാനദണ്ഡങ്ങളും പാലിച്ചു കൊണ്ടാണു തേജസ്വിനിപ്പുഴയിൽ പെഡൽ ബോട്ട് സർവീസ് ആരംഭിച്ചിരിക്കുന്നത്.

ചെറുപുഴ ചെക്ഡാം മുതൽ ചെറുപുഴ പുതിയ പാലം വരെയുള്ള ഒരു കിലോമീറ്റർ ദൂരം സഞ്ചരിച്ചു പുഴയുടെ സൗന്ദര്യം ആസ്വദിക്കാനുള്ള സൗകര്യമാണു ഇപ്പോൾ ഒരുക്കിയിട്ടുള്ളത്. കടുത്ത വേനൽച്ചൂട് മൂലം പുഴയിലെ നീരൊഴുക്ക് കുറഞ്ഞതിനാൽ പരീക്ഷണാർഥമാണു പെഡൽ ബോട്ടിങ് സർവീസ് ആരംഭിച്ചത്. മഴക്കാലത്തിനു ശേഷം കൂടുതൽ സൗകര്യങ്ങൾ ഒരുക്കി കൂടുതൽ വിനോദ സഞ്ചാരികളെ ആകർഷിക്കാനുള്ള തയാറെടുപ്പിലാണു അധികൃതർ. ബോട്ടിങ്ങിനു പുറമെ കയാക്കിങ്, വൈറ്റ് വാട്ടർ റാഫ്റ്റിങ് തുടങ്ങിയ സാഹസിക വിനോദയാത്രകൾ കൂടി ഉൾപ്പെടുത്താൻ സൊസൈറ്റിക്കു പദ്ധതിയുണ്ട്.

ചെറുപുഴ ടൗണിനോട് ചേർന്നു ചെക്ഡാം പരിസരത്തു കുട്ടികളുടെ പാർക്ക് നിർമാണം പൂർത്തിയായി. ഇപ്പോൾ ഒട്ടേറെ ആളുകളാണു ഇവിടെ കുടുംബസമേതം എത്തുന്നത്. പെഡൽ ബോട്ട് സൗകര്യം കൂടി ഒരുക്കിയതോടെ കൂടുതൽ ആളുകളെ ആകർഷിക്കാനാകുമെന്നാണു അധികൃതർ കരുതുന്നത്. ഏറെ താമസിക്കാതെ തേജസ്വിനിപ്പുഴയും സമീപപ്രദേശങ്ങളും കേന്ദ്രീകരിച്ചു ഫാം ടൂറിസം പദ്ധതി തുടങ്ങാനുള്ള നടപടികളും ആരംഭിച്ചു കഴിഞ്ഞു.



# എളുപ്പമാണ് ചെറുതേനീച്ച വളർത്തൽ

പ്രായഭേദമേന്യേ തുച്ഛമായ മുതൽ മുടക്കിൽ ആർക്കും ആദായകരമായി ചെയ്യാവുന്ന ഒരു കൃഷിയാണു ചെറുതേനീച്ച വളർത്തൽ.

ഉപയോഗശൂന്യമായ പഴയ മൺചട്ടി, കലം, ഉപയോഗശൂന്യമായ പലകകൾ കൊണ്ടുണ്ടാക്കിയ ചെറിയ പെട്ടികൾ, മൂപ്പെത്തിയ പൊള്ള മുള, കമുക് തുടങ്ങിയവ തേനീച്ച വളർത്താൻ ഉപയോഗിക്കാം.

മുളയാണ് ഉപയോഗിക്കുന്നതെങ്കിൽ അല്പം വണ്ണം കുറഞ്ഞു കൂടുതൽ കാലം ഈട് നിൽക്കാൻ സാധ്യതയുള്ളതാണു നല്ലത്. ധാരാളം തേൻ ലഭിക്കുമെന്ന ധാരണയിൽ വലിയ ചട്ടിയും കലവും മരപ്പെട്ടികളും ഉപയോഗിക്കുന്നവരുണ്ട്.

അതുകൊണ്ടു കാര്യമില്ല. മറിച്ചു രണ്ടു ലിറ്ററിൽ താഴെ മാത്രം വെള്ളം കൊള്ളുന്ന അളവിലുള്ള കൂടുകൾ എടുക്കുന്നതാണു നല്ലത്. അതിനു കാരണമുണ്ട്.

തേൻ സംഭരിക്കാനും മുട്ടയിടാനും ഈച്ചകൾ മെഴുകുകൊണ്ടു കൂട്ടിനകത്ത് അറയുണ്ടാക്കും. കൂടിന് ക്രമാതീതമായ വലുപ്പമുണ്ടെങ്കിൽ മെഴുകു പാളികൾ പലപ്പോഴും ഇടയ്ക്കുവച്ചു മുറിഞ്ഞു പോകും.

ഈച്ചകളുടെ നാശമാകും ഫലം. അതുകൊണ്ടു കൂടിൻറെ വലിപ്പത്തിൻറെ കാര്യത്തിൽ പ്രത്യേക നിഷ്കർഷയുണ്ടാവണം.

കൂടുകൾ സ്ഥിരമായി നനയുന്ന പക്ഷം മൺപാത്രങ്ങളും മരപ്പലകയും, മുളയും കമുകുമൊക്കെ വെള്ളം ഉള്ളിലേക്കു വലിച്ചെടുക്കും. ഇങ്ങിനെ ക്രമാതീതമായി വെള്ളം വലിച്ചെടുക്കാൻ ഇടയായാൽ കൂട്ടിനുള്ളിലെ താപനില ക്രമീകരിക്കാനാകാതെ ഈച്ചകൾ തനിയെ നശിച്ചു പോകും.

ദിവസവും ദീർഘസമയം കടുത്ത സൂര്യപ്രകാശം ഏൽക്കേണ്ടി വന്നാലും ഈച്ചകൾ നശിച്ചു പോകും. അതുകൊണ്ടു മഴ, വെയിൽ എന്നിവയിൽ നിന്നു കൂടുകൾക്കു പൂർണ സംരക്ഷണം കൊടുക്കണം.

ആഴ്ചയിൽ രണ്ടു പ്രാവശ്യമെ ങ്കിലും കൂടുകളുടെ സമീപത്തു ചെന്നു ചിലന്തിവലയുണ്ടെങ്കിൽ നീക്കം ചെയ്യാൻ ശ്രദ്ധിക്കണം. മാത്രമല്ല, ഉറുന്പുകളുടെ ആക്രമണം ഉണ്ടാകാതെയും നോക്കണം. ഈച്ചകൾക്കു വലിയ ഭീഷണിയാണ് ചിലന്തികളും ഉറുന്പുകളും.

തേൻ ശേഖരിക്കുന്നതനിടയിൽ ഒരു കാരണവശാലും തേൻ പുരണ്ട കൈകൾ കൊണ്ടു കൂടിൻറെ പുറത്തോ കൂട് കെട്ടിവയ്ക്കാൻ ഉപയോഗിക്കുന്ന കയറ്/വള്ളി എന്നിവയിൽ സ്പർശിക്കരുത്.

തേൻ ശേഖരിച്ചു കഴിഞ്ഞു കൈകൾ പച്ച വെള്ളത്തിൽ നന്നായി കഴുകിയ ശേഷം മാത്രമേ കൂടിൽ തൊടാവൂ. അല്ലാത്ത പക്ഷം, തേൻ കുടിക്കാനെത്തുന്ന ഉറുന്പുകൾ കൂടിനെ കൂട്ടത്തോടെ ആക്രമിക്കുകയും ഈച്ചകൾ മുഴുവൻ നശിച്ചു പോകുകയും ചെയ്യും.

ഉറുന്പിൻറെ ഉപദ്രവം തടയാൻ കെട്ടി ഉറപ്പിച്ചിരിക്കുന്ന കയറിൽ ഗ്രീസ് പുരട്ടിക്കൊടുത്താൽ താത്കാലിക ശമനം ഉണ്ടാകുമെങ്കിലും ചിലപ്പോൾ ചെറുതേനീച്ചകൾ അഴുക്കു പുരണ്ട ഗ്രീസും ശേഖരിക്കുന്നതായി കാണുന്നുണ്ട്.

എന്നാൽ കശുവണ്ടി നെയ്യ് വർഷത്തിൽ രണ്ടുതവണ പ്രയോഗിക്കാൻ സാധിച്ചാൽ ഉറുന്പുകളെ പൂർണമായും ഒഴിവാക്കാനാകും. കണ്ണുകളിൽ വീഴാതെ സൂക്ഷിച്ചു ചെയ്യണമെന്നു മാത്രം.



കുറഞ്ഞ എണ്ണം കൂടുകൾ ഉള്ളവർ ഇത്രയും ശ്രദ്ധിച്ചാൽ മതിയെങ്കിലും കൂടുകളുടെ എണ്ണം ഓരോ വർഷവും വർധിപ്പിക്കുന്നവർ ഏറെ ജാഗ്രത പുലർത്തേണ്ടിയിരിക്കുന്നു.

കോളനികളുടെ എണ്ണം വർധിപ്പിക്കുന്നതനുസരിച്ചു വേണ്ടത്ര പുഷ്പങ്ങൾ അടുത്തുതന്നെ ഉണ്ടായിരിക്കണം. വനാതിർത്തികളിൽ താമസിക്കുന്നവർക്ക് ഇത് അത്ര വലിയ പ്രശ്നമല്ല.



കോളനി പിരിക്കുന്പോൾ, മുഴുവൻ കോളനികളും വിഭജിക്കാൻ പാടില്ല. ഭേദപ്പെട്ട രീതിയിൽ ഈച്ചകൾ ഉള്ളതും നന്നായി തേൻ ലഭിക്കുന്നതുമായിരിക്കണം വിഭജിക്കേണ്ടത്.

ഈച്ചകൾ തീർത്തും കുറവായ കോളനികൾ വിഭജിച്ചാൽ ഒരു കൂട്ടിലെ ഈച്ചകൾ നശിച്ചു പോയേക്കാം. ചിലപ്പോൾ രണ്ടു കോളനികളും ഒരുപോലെ നശിക്കാം.

മൺചട്ടി, കലം, മരപ്പെട്ടി എന്നിവയിൽ നിന്നൊക്കെ തേൻ മുഴുവനായി എടുക്കാൻ സാധ്യമല്ലെന്നു മാത്രമല്ല, നേരിയ തോതിൽ നഷ്ടപ്പെടാനും സാധ്യതയുണ്ട്.

എന്നാൽ, ഒട്ടും തന്നെ നഷ്ടപ്പെടാതെയും വളരെ എളുപ്പത്തിൽ തേൻ ശേഖരിക്കാൻ പറ്റുന്നതും മുള, കമുക് എന്നിവ കൊണ്ടു ള്ള കൂടുകളിൽ നിന്നാണ്. മുളയും കമുകും മുറിച്ചെടുക്കുന്പോൾ ചില കാര്യങ്ങളിൽ ശ്രദ്ധിക്കേണ്ടതുണ്ട്.

അവ നല്ല മൂപ്പ് എത്തിയവയും ഇടത്തരം വണ്ണം ഉള്ളവയുമായിരിക്കണം. പക്കം നോക്കി മാത്രമേ അവ മുറിക്കാവൂ. പിന്നീട്, ആവശ്യമുള്ളത്ര നീളത്തിൽ മുറിച്ചു സാമാന്യം ഉണങ്ങിയശേഷം സുരക്ഷിതമായി വയ്ക്കുക.

ഏതാനും മാസങ്ങൾക്കു ശേഷം (നന്നായി ഉണങ്ങിക്കഴിഞ്ഞ്) നടുവേ പൊട്ടിക്കണം. അല്ലാത്ത പക്ഷം, വട്ടപ്പ് ഉണ്ടാകുകയും മുറിപ്പാടുകൾ തമ്മിൽ യോജിക്കാതെ വരികയും ചെയ്യും. മുള പൊട്ടിക്കുന്പോൾ വശങ്ങളിലെ മുട്ടുകൾ നിലനിറുത്തി ഉൾഭാഗത്തെ മുട്ടുകൾ തട്ടിക്കളഞ്ഞാൽ മതിയാകും.

എന്നാൽ കമുകിനാകട്ടെ, ഉൾഭാഗത്തെ മാർദമേറിയ ഭാഗങ്ങളും നാരും നീക്കം ചെയ്തു കഴിയുന്പോൾ വശങ്ങൾ തുറന്നിരിക്കുന്നതുകൊണ്ടു ചിരട്ടയോ അതുപോലെ മറ്റെന്തെങ്കിലുമോ ഉപയോഗിച്ച് നിർബന്ധമായും ഇരുവശവും അടയ്ക്കണം.

മുളയും കമുകും പക്കം നോക്കാതെ മുറിച്ചാൽ കുത്തൻ കുത്തി മാസങ്ങൾക്കുള്ളിൽ പൊടി ഞ്ഞു ദ്രവിച്ചു പോകും. ഉറുന്പുകളെയും മറ്റു കീടങ്ങളെയും തുരത്താൻ കീടനാശിനികൾ പ്രയോഗിക്കുന്നതുവഴി ദിവസങ്ങൾക്കുള്ളിൽ ഈച്ചകളും നശിച്ചു പോകും.

എല്ലാവർഷവും ഒരുപോലെ തേൻ കിട്ടിയെന്നു വരില്ല. പ്രതികൂല കാലാവസ്ഥ മൂലം ചില സീസണിൽ ഒട്ടും ലഭിക്കാതെ വന്നേക്കാം. ചില സീസണിൽ കുറച്ചൊക്കെ കിട്ടിയെന്നും വരാം.

കാലാവസ്ഥ അനുകൂലമാകുന്ന സീസണിൽ പ്രതീക്ഷയ്ക്കും അപ്പുറത്താവും തേൻ. കൂടുകൾ തുറക്കുന്പോൾ തേൻ തീർത്തും കുറവാണെന്നു കാണപ്പെടുകയാണെങ്കിൽ ആ കൂടുകളിൽ നിന്നു തേൻ എടുക്കരുത്.

എന്നു മാത്രമല്ല, ചിലർ തേൻ എടുത്തതശേഷം പൂന്പൊടിയും മറ്റും തിരിച്ചു കൂട്ടിലേക്കു വയ്ക്കാറുമുണ്ട്. അങ്ങനെ ചെയ്യാൻ പാടില്ല. നമ്മൾ തൊട്ടവ തിരിച്ചു വച്ചാൽ പൂപ്പൽ ബാധക്കു സാധ്യതയുണ്ട്.

തേനീച്ച കോളനികളുടെ എണ്ണം ദിനംപ്രതി കുറഞ്ഞു വരികയാണ്. അൻപതിലേറെ വർഷങ്ങൾക്കു മന്പു കൃഷിയിടങ്ങളിലുള്ള മരപ്പൊത്തുകളിലും സിമൻറ് തേക്കാത്ത കെട്ടിടങ്ങളുടെ തറയിലുമൊക്കെ തേനീച്ചക്കൂടുകൾ സാധാരണമായിരുന്നു.

എന്നാലിപ്പോൾ ചുരുക്കം ചില തേനീച്ച വളർത്തലുകാരുടെ കൈവശം മാത്രമേ തേനീച്ചക്കൂടുകൾ ഉള്ളൂ. പൊളിക്കാൻ പറ്റാത്ത തറയിൽ നിന്നു കൂട് പൊളിക്കാതെ തേൻ എടുക്കാൻ പറ്റുന്ന ഒരു മാർഗമുണ്ട്. പക്ഷേ, ഇത് എപ്പോഴും വിജയിക്കണമെന്നില്ല.

കൂടിൻറെ ഉൾഭാഗത്തിനു വേണ്ടത്ര വലുപ്പം ഇല്ലാതിരിക്കുകയും ഉള്ളിലെ വിസ്താരം വർധിപ്പിക്കാൻ തേനീച്ചകൾക്ക് സാധ്യമല്ലാതിരിക്കുകയും ചെയ്യുന്ന സാഹചര്യമാണുള്ളതെങ്കിൽ മാത്രം ഈ രീതി വിജയിക്കും.

മേൽപ്പറഞ്ഞതുപോലെയുള്ള കൂട് ആണെങ്കിൽ, കൂടിൻറെ പ്രവേശന ദ്വാരം ചെറിയ കന്പി കഷണം ഉപയോഗിച്ചു നേരിയ തോതിൽ വിസ്താരം കൂട്ടുക.

അതിലൂടെ വണ്ണം കുറഞ്ഞതും ഒരടിയിൽ കൂടുതൽ നീളം ഇല്ലാത്തതുമായ പ്ലാസ്റ്റിക് ട്യൂബ് കടത്തി നന്നായി മെഴുക് ഉപയോഗിച്ച് ഉറപ്പിച്ച ശേഷം ട്യൂബിൻറെ പ്രവേശന ദ്വാരം മറ്റൊരു കൂട്ടിൽ ഫിറ്റു ചെയ്യണം.

അപ്പോൾ നാം പുതുതായി വച്ചിരിക്കുന്ന കൂടിനകത്തു കൂടി ഈച്ചകൾ കടക്കുവാൻ നിർബന്ധിതരാകും. അടുത്ത സീസണിൽ കൂട് പൊളിച്ചു നോക്കുക. പുതുതായി വച്ച കൂട്ടിൽ ധാരാളം തേനുണ്ടാകും.

# മാങ്ങ ഉൽപാദനത്തിൽ വൻകുറവ്; മാങ്ങാ കർഷകർക്ക് നഷ്ടപ്പെട്ടത് 360 കോടി രൂപ



**മുതലമട:** മാംഗോസിറ്റിയിലെ മാങ്ങ ഉൽപാദനത്തിൽ വൻകുറവ്. നഷ്ടം 360 കോടിയിലേറെ. രാജ്യത്ത് ആദ്യം മാങ്ങ ഉൽപാദിപ്പിക്കുന്ന മുതലമടയിലെ കർഷകർക്ക് ഏറ്റവും അധികം വില ലഭിക്കുന്ന ജനുവരി, ഫെബ്രുവരി മാസങ്ങളിൽ മുൻ വർഷത്തെ കണക്കുകളെ അപേക്ഷിച്ച് 5, 10 ശതമാനം മാങ്ങ മാത്രമാണ് ഇത്തവണ ലഭിച്ചത്. രാജ്യാന്തര വിപണിയിലും ഡൽഹി വിപണിയിലും ഉയർന്ന വില ലഭിക്കുന്ന സമയത്തെ ഉൽപാദനക്കുറവ് വിറ്റുവരവിൽ വൻ തിരിച്ചടിയാണ് ഉണ്ടാക്കിയിരിക്കുന്നത്. മാങ്ങ ഉൽപാദനം സജീവമായ സമയത്തു വിലയിടിവും ഗുരുതര പ്രതിസന്ധിയുണ്ടാക്കി.

നല്ല രീതിയിൽ ഉൽപാദനം നടക്കുന്ന സമയത്ത് 600 കോടിയോളം രൂപയുടെ വിറ്റുവരവ് ഉണ്ടാവുക പതിവാണ്. എന്നാൽ അത് ഇത്തവണ 250 കോടി രൂപ പോലും എത്തിയിട്ടില്ലെന്നു വ്യാപാരികളും കർഷകരും ഒരുപോലെ പറയുന്നു. കഴിഞ്ഞ വർഷം മുതലമട പഞ്ചായത്തുമായി ബന്ധപ്പെട്ടു കിടക്കുന്ന 6000 ഹെക്ടറോളം സ്ഥലത്തു മാവുകൃഷി ചെയ്യുന്ന 1500 കർഷകരുണ്ട്. മാങ്ങ സീസൺ ആരംഭിക്കുന്ന ജനുവരി മുതൽ മേയ് അവസാനം വരെയുള്ള കാലത്ത് മാങ്ങ തരം തിരിച്ചു കയറ്റുമതിക്കായി ക്രമീകരിക്കുന്ന ഇരുന്നൂറ്റിയമ്പതോളം മാങ്ങ സംഭരണ കേന്ദ്രങ്ങൾ ഉണ്ടാവാറുണ്ട്. 15 കോടിയിലധികം വിറ്റുവരവുണ്ടാക്കുന്ന ഇരുപത്തിയഞ്ചിലധികം സംഭരണ കേന്ദ്രങ്ങൾ മുതലമടയിൽ മാത്രം പ്രവർത്തിച്ചിരുന്നു.

മറ്റു സംഭരണ കേന്ദ്രങ്ങളിൽ 50 ലക്ഷം മുതൽ 8 കോടി രൂപ വരെ വിറ്റുവരവ് ലഭിച്ചിരുന്നു. എന്നാൽ ഉൽപാദനം 25 ശതമാനത്തിൽ താഴെയും വിറ്റുവരവ് 40 ശതമാനത്തിനടുത്തുമായി കുറഞ്ഞതോടെ ഈ വർഷം മിക്ക സംഭരണ കേന്ദ്രങ്ങളിലും തിരക്കുണ്ടായിരുന്നില്ല. പ്രതിദിനം ശരാശരി 100,150 ടൺ മാങ്ങ ഉത്തരേന്ത്യയിലേക്കു കയറ്റുമതി ചെയ്തിരുന്നു. എന്നാൽ ഇത്തവണ സീസൺ സമയത്തു ലഭിച്ച മാങ്ങ 25, 30 ടണ്ണായി കുറഞ്ഞു.

അൽഫോൺസ, ബങ്കനപ്പള്ളി, ശെന്തൂരം, കാലാപാടി തുടങ്ങി ഏറ്റവും മുന്തിയ ഇനം മുതൽ നാടൻ ഇനങ്ങൾ ഉൾപ്പടെ മുപ്പത്തിയ!ഞ്ചോളം ഇനം മാങ്ങകളാണു മുതലമടയിലെ തോട്ടങ്ങളിൽ ഉൽപാദിപ്പിക്കുന്നത്. ഇത്തവണ പല തോട്ടങ്ങളിലും മാങ്ങ തീരെ ഉണ്ടായിരുന്നില്ലെന്നതു കർഷകരെയും വ്യാപാരികളെയും ഒരുപോലെ പ്രതിസന്ധിയിലാക്കി.

കർഷകരും വ്യാപാരികളും തൊഴിലാളികളുമായി പതിനായിരത്തിലേറെ പേരാണു മാവു കൃഷിയുമായി ബന്ധപ്പെട്ടു നിലനിൽക്കുന്നത്. ഇതിനാൽ മാംഗോസിറ്റിക്ക് ഉണ്ടാകുന്ന തിരിച്ചടി ആയിരക്കണക്കിനു കുടുംബങ്ങളെ ഗുരുതരമായി ബാധിക്കും.

മാവുകൾ പൂവിടുന്ന ഒക്ടോബർ, നവംബർ മാസങ്ങളിൽ മഴ പെയ്തതു കീടബാധയ്ക്കു വഴിവച്ചു. കാലാവസ്ഥയിൽ ഉണ്ടായ വ്യതിയാനം ഇലപ്പേനുകളുടെ ശല്യം അതിരൂക്ഷമാക്കി. മാമ്പൂക്കൾ മൂന്നു തവണയെങ്കിലും കൊഴിഞ്ഞുപോയതാണു ജനുവരി, ഫെബ്രുവരി മാസങ്ങളിൽ മാങ്ങ കുറയാൻ കാരണം.

കീടനാശിനിക്കും വളത്തിനും വില കുത്തനെ ഉയർന്നത് ഉൽപാദന ചെലവു കൂട്ടി. കാലാവസ്ഥാ വ്യതിയാനത്തെ എങ്ങനെ നേരിടാനാകും എന്നതിനെക്കുറിച്ചു പഠിക്കുന്നതിനും നിർദേശങ്ങൾ സമർപ്പിക്കുന്നതിനുമായി വിവിധ തലത്തിലുള്ള പഠനങ്ങൾ നടന്നെങ്കിലും പ്രശ്നപരിഹാരത്തിനുള്ള നടപടി അകലെയായതു കർഷകരെ മാവു കൃഷി ഉപേക്ഷിക്കാൻ നിർബന്ധിതരാക്കും.

## ഡിജിറ്റൽ റീസർവേ: രേഖകൾ 31 വരെ പരിശോധിക്കാം

**തൃശ്ശൂർ:** തൃശ്ശൂർ താലൂക്ക്, ആലപ്പാട് വില്ലേജിൽ ഉൾപ്പെട്ടുവരുന്ന പ്രദേശങ്ങളിൽ ഡിജിറ്റൽ റിസർവെ പൂർത്തിയായി. സർവെ റിക്കാർഡുകൾ എന്റെ ഭൂമി പോർട്ടലിൽ ഓൺലൈനായും ആലപ്പാട് സെന്ററിലുള്ള കുന്നത്ത് ബിൽഡിംഗിലെ ക്യാമ്പ് ഓഫീസിലും ചാഴൂർ പഞ്ചായത്ത് വനിതാ വിശ്രമകേന്ദ്രത്തിൽ സജ്ജീകരിച്ചിട്ടുള്ള സംവിധാനത്തിലും പൊതുജനങ്ങൾക്ക് പരിശോധിക്കാം.

## ഖാദി വസ്ത്രങ്ങൾക്ക് പ്രത്യേക റിബേറ്റ്

**തിരുവനന്തപുരം:** സ്കൂൾ അധ്യയന വർഷത്തോടനുബന്ധിച്ച് ഖാദി തുണിത്തരങ്ങൾക്ക് മേയ് 27 മുതൽ 31 വരെ 30 ശതമാനം റിബേറ്റ് അനുവദിച്ച് സർക്കാർ ഉത്തരവായി. ഖാദി ബോർഡിന്റെ ഷോറൂമുകളിൽ നിന്നും മേളകളിൽ നിന്നും വാങ്ങുന്ന ഖാദി വസ്ത്രങ്ങൾക്ക് റിബേറ്റ് ലഭിക്കും. സർക്കാർ അർദ്ധ സർക്കാർ ജീവനക്കാർക്ക് ഒരു ലക്ഷം രൂപ വരെ ക്രെഡിറ്റ് സൗകര്യം ഉണ്ടായിരിക്കും.

## പ്രിൻസിപ്പാൾ നിയമനം

പട്ടികജാതി വികസന വകുപ്പിന്റെ നിയന്ത്രണത്തിൽ എറണാകുളം ജില്ലയിൽ പ്രവർത്തിച്ചു വരുന്ന പ്രീ എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററിലെ പ്രിൻസിപ്പാൾ തസ്തികയിലേക്ക് പ്രതിമാസം 20,000/ രൂപ ഹോണറേറിയം വ്യവസ്ഥയിൽ ഒരു വർഷത്തേക്ക് കരാർ വ്യവസ്ഥയിൽ നിയമനത്തിനായി ഉന്നത വിദ്യാഭ്യാസ വകുപ്പിൽ നിന്നും പ്രിൻസിപ്പാൾ/സെലക്ഷൻ ഗ്രേഡ് ലക്ചറർ/സീനിയർ ഗ്രേഡ് ലക്ചറർ തസ്തികകളിൽ വിരമിച്ചവരിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നു. റാക്കിയ അപേക്ഷ എന്നിവ സഹിതം 2023 ജൂൺ 2 ന് വൈകുന്നേരം 5 മണിക്ക് മുമ്പായി ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ് ഡയറക്ടറേറ്റ്, മ്യൂസിയം നന്ദാവനം റോഡ്, വികാസ് ഭവൻ പി. ഒ., തിരുവനന്തപുരം 695033 എന്ന വിലാസത്തിൽ ലഭ്യമാക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക്: 0471 2737246.

# പണിതിട്ടും പണിതീരാത്ത കാസർകോട് മെഡിക്കൽ കോളേജ്

**കാസർകോട് :** മറ്റു ജില്ലകളെ അപേക്ഷിച്ച് മൾട്ടി സ്പെഷ്യൽറ്റി ചികിത്സാ സൗകര്യമില്ലാത്ത ജില്ലയെന്ന പേരാണ് കാസർകോടിന് ഏറെ ഇണങ്ങുക. അത്യാഹിതം സംഭവിച്ചാൽ മംഗളൂരുവിലേക്കോ കണ്ണൂരിലേക്കോ പോകേണ്ട സ്ഥിതി. സർക്കാർ മേഖലയിൽ ജില്ലാ ആശുപത്രിയടക്കം റഫറൽ ആശുപത്രി മാത്രമായി മാറുന്നു. പണിതിട്ടും പണി തീരാത്ത മെഡിക്കൽ കോളജും കോടികൾ ചെലവഴിച്ച് ഇപ്പോൾ വെറുതെ കിടക്കുന്ന ടാറ്റാ ആശുപത്രിയും തുറന്നിട്ടും മതിയായ ജീവനക്കാരെ നിയമിക്കാത്ത സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയും ജില്ലയോട് അധികൃതർ കാണിക്കുന്ന അനാസ്ഥയുടെ ഉദാഹരണമായി നിൽക്കുന്നു.

ചികിത്സാ വിഭാഗങ്ങൾ പുതിയതായി ആരംഭിക്കുമ്പോൾ ആവശ്യത്തിന് തസ്തിക അനുവദിക്കുന്നില്ല. ജില്ലയിലേക്ക് വരാൻ ഡോക്ടർമാർ മടി കാണിക്കുന്നതും ആരോഗ്യ വകുപ്പിനെ ബാധിക്കുന്നുണ്ട്. ജില്ലാ ആശുപത്രി, ജനറൽ ആശുപത്രി, 5 താലൂക്ക് ആശുപത്രി, 6 സാമൂഹികാരോഗ്യ കേന്ദ്രങ്ങൾ എന്നിവയാണ് ജില്ലയിലെ പ്രധാന ചികിത്സാ കേന്ദ്രങ്ങൾ. താലൂക്ക് ആശുപത്രികളിൽ പലതും ബോർഡ് മാറ്റിയെന്നല്ലാതെ പേരിനുള്ള വികസനമൊന്നും നടന്നിട്ടില്ല.

പേരിനു മാത്രമാണ് ഉക്കിനടുക്കയിലെ മെഡിക്കൽ കോളജെന്ന വിമർശനം ശക്തമാണ്. ഒപി പ്രവർത്തിക്കുന്നു എന്നു മാത്രം. നിർമാണം തുടങ്ങി 10 വർഷമായിട്ടും കിടത്തിച്ചികിത്സയ്ക്കുള്ള സൗകര്യമില്ല. 2013 നവംബർ 30 നാണ് അന്നത്തെ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി മെഡിക്കൽ കോളജിന്റെ നിർമാണത്തിനു തറക്കല്ലിട്ടത്. അക്കാദമിക് ബ്ലോക്കിലാണ് ഒപി പ്രവർത്തിക്കുന്നത്. 2020ൽ ആശുപത്രി പ്രവർത്തനം തുടങ്ങേണ്ടതായിരുന്നു. നിലവിൽ ആശുപത്രിയുടെ പ്രധാന കെട്ടിടത്തിന്റെ സ്ട്രക്ചർ മാത്രമാണു പൂർത്തിയായത്. കരാറുകാരന് 11 കോടി രൂപ കുടിശിക നൽകാനുള്ളതിനാൽ ജോലികൾ മുടങ്ങിയ അവസ്ഥയാണ്. ഏതാണ്ട് ഇതോ സമയത്തു നിർമാണം തുടങ്ങിയ മറ്റു മെഡിക്കൽ കോളജുകൾ ബഹുദൂരം മുന്നിലെത്തിക്കഴിഞ്ഞു.

ഒട്ടേറെ ചികിത്സാ വിഭാഗങ്ങൾ പുതിയതായി ജില്ലാ ആശുപത്രിയിൽ ആരംഭിച്ചെങ്കിലും ഇതിനനുസരിച്ച് തസ്തിക അനുവദിച്ചിട്ടില്ല. പുതിയതായി ആരംഭിച്ച കാത്ത് ലാബിൽ ഒരു ഡോക്ടർ മാത്രമാണ് ഉള്ളത്. 24 മണിക്കൂറും പ്രവർത്തിക്കണമെങ്കിൽ 3 കാർഡിയോളജിസ്റ്റ് വേണം. ഇനിയും 2 പേരെ അടിയന്തരമായി ജില്ലാ ആശുപത്രിയിലേക്ക് നിയമിക്കണം. ഇതിന് പുറമേ 12 നഴ്സിങ് സ്റ്റാഫ് വേണം. 6 ക്ലീനിങ് സ്റ്റാഫ് വേണം. ഡേറ്റാ എൻട്രി, പിആർഒ എന്നീ തസ്തികകളിലേക്കും ആളുകളെ നിയമിക്കണം. അസൗകര്യങ്ങൾക്കിടയിലും കാത്ത് ലാബ് നന്നായി പ്രവർത്തിക്കുന്നു എന്നതാണ് ഏക ആശ്വാസം. നിരന്തരം തകരാറിലാകുന്ന എക്സ്റേ യന്ത്രമാണ് മറ്റൊരു പോരായ്മ. ഇതുകാരണം നൂറുകണക്കിന് രോഗികൾ ദുരിതം അനുഭവിക്കുന്നു. മാലിന്യ സംസ്കരണ പ്ലാന്റ് പണി തീരാത്തത് കാരണമുള്ള ബുദ്ധിമുട്ടുകളും ഏറെയാണ്.

ആശുപത്രിയുടെ പരിസരങ്ങളിൽ മലിന ജലം കെട്ടിക്കിടക്കുന്നു. വേനലിൽ രൂക്ഷമായ ജലക്ഷാമമാണ് ജില്ലാ ആശുപത്രിയിൽ അനുഭവപ്പെടുന്നത്. ഇതുകാരണം ശസ്ത്രക്രിയകൾ വരെ മാറ്റി വയ്ക്കേണ്ടി വരുന്നു. ജലസേചന പദ്ധതികൾ ഇല്ലാത്തതാണ് ജലക്ഷാമം രൂക്ഷമാക്കുന്നത്. ജില്ലാ ആശുപത്രിക്ക് സമീപം എൻഡോസൾഫാൻ പാക്കേജിൽ നിർമിച്ച കെട്ടിടം ഇതുവരെ ഉദ്ഘാടനം ചെയ്തിട്ടില്ല. ലിഫ്റ്റ് സംബന്ധിച്ച സാങ്കേതിക പ്രശ്നങ്ങളാണ് കെട്ടിടം പൂർണമായി പ്രവർത്തിക്കുന്നതിന് തടസ്സം.

സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി പ്രവർത്തനം തുടങ്ങിയെങ്കിലും ഇനിയും ആവശ്യത്തിന് ജീവനക്കാരെ നിയമിച്ചിട്ടില്ല. നിലവിൽ ജില്ലയിലെ മറ്റു സർക്കാർ ആശുപത്രികളിൽ നിന്നു ഡോക്ടർമാരെ നിയമിച്ചാണ് ഒപി പ്രവർത്തിക്കുന്നത്. ആശുപത്രിയിലേക്കുള്ള ജീവനക്കാരുടെ നിയമം ഇനിയും പൂർത്തിയാക്കിയിട്ടില്ല.

നിലവിൽ ആശുപത്രിയിലേക്ക് 12 നിയമനം മാത്രമാണ് നടത്തിയത്. 192 തസ്തികകൾ ആണ് ആശുപത്രിയുടെ പ്രവർത്തനത്തിന് ആവശ്യം. ഗ്രേഡ് അസിസ്റ്റന്റ്, ഫാർമസിസ്റ്റ്, ക്ലാർക്ക്, 5 നഴ്സ് എന്നീ തസ്തികകൾ മാത്രമാണ് ഇപ്പോൾ അനുവദിച്ചിട്ടുള്ളത്.

ബാക്കി നിയമനങ്ങൾ എപ്പോൾ നടക്കുമെന്ന കാര്യത്തിൽ ഇനിയും വ്യക്തത വന്നിട്ടില്ല. അത്യാധുനിക സൗകര്യങ്ങൾ ഉണ്ടെങ്കിലും ജനങ്ങൾക്ക് പ്രയോജനം ചെയ്യുന്നില്ലെന്നതാണ് സത്യം.

# അദാലത്തിലെ തീരുമാനങ്ങൾ നടപ്പാക്കിയില്ലെങ്കിൽ കർശന നടപടി: മന്ത്രി പി. പ്രസാദ്



**കൊച്ചി:**കരുതലും കൈത്താങ്ങും അദാലത്തിലെ തീരുമാനങ്ങൾ നടപ്പാക്കിയില്ലെങ്കിൽ കർശന നടപടി സ്വീകരിക്കുമെന്ന് മന്ത്രി പി. പ്രസാദ്. കരുതലും കൈത്താങ്ങും മുവാറ്റുപുഴ താലൂക്കുതല അദാലത്ത് മുനസിപ്പൽ ടൗൺഹാളിൽഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ജനങ്ങൾക്ക് മുന്നിൽവച്ച് സുതാര്യമായി പ്രശ്നങ്ങൾ പരിഹരിക്കുകയാണ് അദാലത്തിലൂടെ ചെയ്യുന്നത്. സാധാരണക്കാരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഉദ്യോഗസ്ഥരുടെ ഭാഗത്ത് നിന്ന് അനുകൂലമായ നിലപാടുണ്ടാകണമെന്ന സന്ദേശമാണ് അദാലത്തിലൂടെ നൽകുന്നത്. പ്രശ്നങ്ങൾ പരിഹരിക്കുക മാത്രമല്ല ഭാവിയിൽ ജനങ്ങളോടുള്ള ഉദ്യോഗസ്ഥരുടെ സമീപനം എങ്ങനെയായിരിക്കണമെന്ന് വ്യക്തമാക്കുക കൂടിയാണ്. അദാലത്തിൽ എടുക്കുന്ന തീരുമാനങ്ങൾ സംബന്ധിച്ച് ഒരു മാസത്തിനകം അവലോകന യോഗം ചേരും. എടുത്ത തീരുമാനങ്ങൾ വൈകിപ്പിക്കുന്ന സമീപനം ഉദ്യോഗസ്ഥർ സ്വീകരിക്കരുത്. കുടംപുളിയും തേനും കിട്ടിയാലേ കാര്യങ്ങൾ ചിലർ ചെയ്യൂ എന്ന സമീപനം സർക്കാർ അനുവദിക്കില്ലെന്നും മന്ത്രി പറഞ്ഞു. സർക്കാർ അധികാരമേറ്റശേഷം ഭരണ സംവിധാനത്തിൽ നല്ല മാറ്റങ്ങളുണ്ടായിട്ടുണ്ടെന്ന് ചടങ്ങിൽ അധ്യക്ഷത വഹിച്ച മന്ത്രി പി. രാജീവ് പറഞ്ഞു. എന്നാൽ ചില പുഴുക്കുത്തുകൾ ഇപ്പോഴുമുണ്ട്. കൊളോണിയൽ കാലഘട്ടത്തിന്റെ അവശേഷിപ്പുകൾ ഇപ്പോഴും ചില ഉദ്യോഗസ്ഥരിലുണ്ട്. ജനങ്ങളാണ് പരമാധികാരി എന്ന ബോധ്യത്തോടെ വേണം ഉദ്യോഗസ്ഥർ പ്രവർത്തിക്കാൻ. ജനങ്ങൾക്കാവശ്യമായ സേവനം ഉദ്യോഗസ്ഥർ നൽകണം. ഓരോ താലൂക്കിലും എടുത്ത അദാലത്തിലെ തീരുമാനങ്ങൾ ഓരോ വകുപ്പു മേധാവിയും കൃത്യമായി പരിശോധിക്കണം. ഉത്തരവുകൾ സമയബന്ധിതമായി നടപ്പാക്കുന്നുണ്ടെന്ന് ഉറപ്പാക്കണമെന്നും മന്ത്രി പറഞ്ഞു.ചടങ്ങിൽ11 പേർക്ക് മുൻഗണനാ വിഭാഗത്തിലുള്ള റേഷൻ കാർഡുകൾ വേദിയിൽ വിതരണം ചെയ്തു. അനൂപ് ജേക്കബ് എം.എൽ.എ, ജില്ലാ കളക്ടർ എൻ.എസ്.കെ. ഉമേഷ്,അഡീഷണൽ ജില്ലാ മജിസ്ട്രേറ്റ് എസ്. ഷാജഹാൻ, ആർഡിഒ പി.എൻ. അനി, ഡി.എഫ്.ഒ. രവികുമാർ മീണ, ഡെപ്യൂട്ടി കളക്ടർമാരായ ബി.അനിൽകുമാർ,തുടങ്ങിയവർ പങ്കെടുത്തു.

# രാജ്യത്തിന് മാതൃകയായി വീണ്ടും എറണാകുളം ജനറൽ ആശുപത്രി

**കൊച്ചി:** എറണാകുളം ജനറൽ ആശുപത്രിയിൽ ഹൃദ്രോഗികൾക്ക് സൗജന്യ മിനിമലി ഇൻവേസീവ് കാർഡിയാക് സർജറി പദ്ധതി ആരംഭിച്ചതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. പരാമ്പരാഗത ഹൃദയ ശസ്ത്രക്രിയയെ അപേക്ഷിച്ച് സവിശേഷമായ നിരവധി ഗുണങ്ങൾ ഉൾക്കൊള്ളുന്നതാണ് നൂതന മിനിമലി ഇൻവേസീവ് കാർഡിയാക് സർജറി. രാജ്യത്ത് ആദ്യമായി ജില്ലാതല ആശുപത്രിയിൽ ഹൃദയ ശസ്ത്രക്രിയയും ഹൃദയം തുറക്കാതെ വാൽവ് മാറ്റിവയ്ക്കൽ ശസ്ത്രക്രിയയും നടന്നത് എറണാകുളം ജനറൽ ആശുപത്രിയിലാണ്. പ്രധാന മെഡിക്കൽ കോളേജുകൾക്ക് പുറമേ ആദ്യമായാണ് ജില്ലാതല ആശുപത്രിയിൽ സങ്കീർണമായ മിനിമലി ഇൻവേസീവ് കാർഡിയാക് സർജറി ആരംഭിച്ചത്. ഇതിനകം ബൈപ്പാസും, വാൽവ് മാറ്റി വയ്ക്കലും ഉൾപ്പെടെ 5 മിനിമലി ഇൻവേസീവ് കാർഡിയാക് സർജറികളാണ് വിജയകരമായി പൂർത്തിയാക്കിയത്. മിനിമലി ഇൻവേസീവ് കാർഡിയാക് സർജറി പതിവായി നടത്താനുള്ള സൗകര്യം എറണാകുളം ജനറൽ ആശുപത്രിയിൽ ഒരുക്കിയിട്ടുണ്ട്. ഇന്ത്യയിൽ 3 മുതൽ 6 ശതമാനം ആശുപത്രികളിൽ മാത്രമേ പതിവായി മിനിമലി ഇൻവേസീവ് കാർഡിയാക് സർജറി നടത്തുന്നുള്ളൂ. പൊതുമേഖല ആശുപത്രികളിൽ ഇത്തരം ഹൃദയ ശസ്ത്രക്രിയ ചെയ്യുന്നത് വളരെ വിരളമാണ്. പരമ്പരാഗത ഓപ്പൺ ഹാർട്ട് സർജറികളെ അപേക്ഷിച്ച് കുറഞ്ഞ വേദന, മെച്ചപ്പെട്ട ശ്വാസകോശ പ്രവർത്തനം, വേഗത്തിലുള്ള സുഖം പ്രാപിക്കൽ എന്നിവയാണ് മിനിമലി ഇൻസീവ് കാർഡിയാക് സർജറിയുടെ പ്രത്യേകത. സാധാരണക്കാരന് ഇത്തരത്തിലുള്ള ഹൃദയശസ്ത്രക്രിയയ്ക്ക് ശേഷം വളരെ നേരത്തെ ദേഹാധ്വാനമുള്ള ജോലികളിലേക്ക് തിരികെ പ്രവേശിക്കാൻ സാധിക്കുന്നു.മിനിമലി ഇൻവേസീവ് കാർഡിയാക് സർജറി ചെയ്യുവാൻ വിപുലമായ ശസ്ത്രക്രിയ വൈദഗ്ധ്യം, പ്രത്യേക ഇൻസ്ട്രുമെന്റ് സെറ്റുകൾ, പരിശീലനം ലഭിച്ച വ്യക്തികൾ തുടങ്ങിയ എല്ലാ സൗകര്യങ്ങളും ജനറൽ ആശുപത്രിയിൽ സർക്കാർ ഒരുക്കിയിട്ടുണ്ട്. ഈ പുതിയ ശസ്ത്രക്രിയ രീതിയിൽ നെഞ്ചിൻകൂട് മുറിക്കാതെ വാരിയെല്ലുകൾക്കിടയിലൂടെ ചെറിയ മുറിവുണ്ടാക്കി വാൽവ് മാറ്റിവെക്കലും ബൈപ്പാസ് സർജറികളും നടത്തുന്നു. ഇതിലൂടെ രോഗികൾക്ക് വേദന കുറയുകയും വേഗത്തിലുള്ള സുഖ പ്രാപ്തിയും കൈവരുന്നു. ബൈപ്പാസ് സർജറികൾ, വാൽവ് റിപ്പയർ, വാൽവ് മാറ്റിവയ്ക്കൽ, ഹൃദയത്തിലെ സുഷിരങ്ങൾ തുടങ്ങി വിവിധ ഓപ്പറേഷനുകൾ മിനിമലി ഇൻസീവ് കാർഡിയാക് സർജറിയിലൂടെ നടത്താൻ സാധിക്കും. നെഞ്ചിൻകൂട് തുറക്കാതെയുള്ള ഇത്തരം ശസ്ത്രക്രിയകളിലൂടെ 2 മുതൽ 3 ആഴ്ചകൾക്കകം രോഗികൾക്ക് സാധാരണ ജീവിതത്തിലേക്ക് മടങ്ങാം. പരമ്പരാഗത ഹൃദയ ശസ്ത്രക്രിയയിൽ (നെഞ്ചിൻകൂട് തുറന്നുള്ള സെറ്റർ നോട്ടമി) സുഖപ്രാപ്തിക്കുള്ള സമയം 12 ആഴ്ചയാണ്. സ്വകാര്യ മേഖലയിൽ 10 മുതൽ 15 ലക്ഷം രൂപ ചെലവു വരുന്ന മിനിമലി ഇൻവേസീവ് കാർഡിയാക് സർജറിയാണ് സർക്കാരിന്റെ ചികിത്സാ പാക്കേജിൽ ഉൾപ്പെടുത്തി ചെയ്തുകൊടുക്കുന്നത്.ആശുപത്രി സൂപ്രണ്ട് ഡോ ഷഹിർഷായുടെ ഏകോപനത്തിൽ പ്രമുഖ ഹൃദയ ശസ്ത്രക്രിയ വിദഗ്ധൻ ഡോ.ജോർജ് വാളൂരാൻ, ഡോ. അഹമ്മദ് അലി, കാർഡിയാക് അനസ്തറ്റിസ്റ്റ് ഡോ. ദിവ്യ എന്നിവരുടെ നേതൃത്വത്തിലാണ് ഈ ആശുപത്രിയിലെ കാർഡിയോ തൊറാസിക് സർജറി വിഭാഗം പ്രവർത്തിക്കുന്നത്. നാളിതുവരെ 383 മൈനർ സർജറികളും 126 മേജർ സർജറികളും ഉൾപ്പെടെ 509 ശസ്ത്രക്രിയകൾ പൂർത്തിയാക്കിയിട്ടുണ്ട്.

## തൃപ്പൂണിത്തുറ ആർസിഎം ഐ ഹോസ്പിറ്റൽ പുതിയ ബിൽഡിങ്ങിലേക്ക്



**കൊച്ചി:** തൃപ്പൂണിത്തുറ ആർസിഎം ഐ ഹോസ്പിറ്റലിന്റെ പുതിയ ഹോസ്പിറ്റൽ ബിൽഡിങ്ങിന്റെ ഉദ്ഘാടനം തൃപ്പൂണിത്തുറ എം.എൽ.എ കെ ബാബു നിർവഹിച്ചു. സിനിമാ താരം ആശ ശരത്, തൃപ്പൂണിത്തുറ നഗരസഭ ചെയർപേഴ്സൺ രമ സന്തോഷ്, വൈസ് ചെയർമാൻ കെ കെ പ്രദീപ് കുമാർ, കൗൺസിലർ യു മധുസൂദനൻ തുടങ്ങിയവർ ചടങ്ങിൽ സംബന്ധിച്ചു. ഹോസ്പിറ്റലിന്റെ ഭാഗമായുള്ള ഒപ്റ്റിക്കൽ ഷോപ്പിന്റെ ഉദ്ഘാടനം ആശ ശരത് നിർവഹിച്ചു. തുടർന്ന് വിവിധ കലാപരിപാടികളും അരങ്ങേറി. 35 വർഷങ്ങളായി കേരളത്തിന്റെ നേത്രസംരക്ഷണ മേഖലയായിൽ ശ്രദ്ധേയമായ സാന്നിധ്യമായി നിലകൊള്ളുന്ന ഞങ്ങളുടെ ഐ ഹോസ്പിറ്റൽ, 1 ലക്ഷത്തിലധികം തിമിര ശസ്ത്രക്രിയയും വിജയകരമായി പൂർത്തിയാക്കിയിട്ടുണ്ട്.

## തെങ്ങിൻ തൈകൾ വിൽപനയ്ക്ക്

**കൊച്ചി:** നാളികേര വികസന ബോർഡിന്റെ നേര്യമംഗലം വിത്തുൽപ്പാദന പ്രദർശന തോട്ടത്തിൽ ഗുണമേന്മയുള്ള നാടൻ, കുറിയ ഇനങ്ങളുടെ തെങ്ങിൻ തൈകൾ വിൽപനയ്ക്ക് തയ്യാറായിട്ടുണ്ട്. കുറഞ്ഞത് 10 തൈകൾ വാങ്ങുന്ന കേര കർഷകർക്ക് നാളികേര വികസന ബോർഡിന്റെ തെങ്ങ് പുതുകൃഷി പദ്ധതിയിൽ സബ്സിഡിയും ലഭിക്കുന്നതാണ്.കൂടുതൽ വിവരങ്ങൾക്ക് 0485 2554240 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക.

## അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** കുട്ടമ്പുഴ ഗ്രാമപഞ്ചായത്ത് വസ്തുനികുതി പരിഷ്കരണത്തിന്റെ ഭാഗമായി വിവരശേഖരണത്തിനും ഡാറ്റാ എൻട്രിക്കുമായി യോഗ്യതയുള്ളവരിൽ നിന്നും അപേക്ഷ ക്ഷണിച്ചു. അപേക്ഷകർ ഡിപ്ലോമ (സിവിൽ എഞ്ചിനീയറിംഗ്), ഐ.ടി.ഐ. ഡ്രാഫ്റ്റ്മാൻ സിവിൽ, ഐ.ടി.ഐ. സർവ്വേയർ എന്നിവയിൽ ഏതെങ്കിലും യോഗ്യത കരസ്ഥമാക്കിയവർ ആയിരിക്കണം. അപേക്ഷകർ 40 വയസ്സിൽ കവിയാത്തവർ ആയിരിക്കണം. ഉദ്യോഗാർത്ഥികൾ ബയോഡാറ്റയും യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ പകർപ്പുകളും സഹിതം കുട്ടമ്പുഴ ഗ്രാമപഞ്ചായത്ത് ഓഫീസിൽ അപേക്ഷ സമർപ്പിക്കണം. അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയതി 07.06.2023 വൈകുന്നേരം 5 മണി. കൂടുതൽ വിവരങ്ങൾക്ക് കുട്ടമ്പുഴ ഗ്രാമപഞ്ചായത്ത് ഓഫീസിൽ നേരിട്ടോ അല്ലെങ്കിൽ 04852588222 എന്ന നമ്പറിലോ ബന്ധപ്പെടുക.

## കരുതലും കൈത്താങ്ങും: കോതമംഗലം താലൂക്ക് അദാലത്ത് ഇന്ന്

**കൊച്ചി:** സംസ്ഥാന സർക്കാരിന്റെ രണ്ടാം വാർഷികത്തോടനുബന്ധിച്ച് മൂന്നാം നൂറുദിന കർമ്മപരിപാടികളുടെ ഭാഗമായി നടത്തുന്ന 'കരുതലും കൈത്താങ്ങും' കോതമംഗലം താലൂക്കുതല അദാലത്ത് ഇന്ന് നടക്കും. കോതമംഗലം മാർത്തോമ ചെറിയ പള്ളി കൺവെൻഷൻ സെന്ററിൽ സംഘടിപ്പിച്ചിരിക്കുന്ന അദാലത്തിന് വ്യവസായ വകുപ്പ് മന്ത്രി പി. രാജീവ്, കൃഷി വകുപ്പ് മന്ത്രി പി. പ്രസാദ് എന്നിവർ നേതൃത്വം നൽകും.താലൂക്കിലെ വിവിധ വകുപ്പുകളിലായി ലഭിച്ച അപേക്ഷകളിൽ നിന്ന് സൂക്ഷ്മ പരിശോധനക്കുശേഷം തിരഞ്ഞെടുത്ത 250 അപേക്ഷകളാണ് അദാലത്തിൽ പരിഗണിക്കുന്നത്. രാവിലെ 10 ന് തുടങ്ങുന്ന അദാലത്തിൽ ആളുകൾ എത്തിച്ചേരുന്നതിനനുസരിച്ചു ടോക്കൺ നമ്പറിന്റെ അടിസ്ഥാനത്തിലാണ് പരാതികൾ പരിഗണിക്കുന്നത്. അദാലത്ത് ദിവസം നേരിട്ടെത്തിയും പരാതികൾ സമർപ്പിക്കാം.

# അബൻസ് ഹോൾഡിങ്സിന് 70.3 കോടി രൂപ അറ്റാദായം

**കൊച്ചി:** മുൻനിര സാമ്പത്തിക സേവന കമ്പനിയായ അബൻസ് ഹോൾഡിങ്സ് ലിമിറ്റഡ് 202223 സാമ്പത്തിക വർഷം 70.3 കോടി രൂപ അറ്റാദായം നേടി. 14 ശതമാനം വാർഷിക വളർച്ച രേഖപ്പെടുത്തി. മുൻ വർഷം ഇത് 61.8 കോടി രൂപയായിരുന്നു. പ്രവർത്തന ലാഭം 15 ശതമാനം വളർച്ചയോടെ 76 കോടി രൂപയിലെത്തി. അറ്റ നിഷ്ക്രിയ ആസ്തി തീരെയില്ലാത്ത കമ്പനി കരുത്തുറ്റ സാമ്പത്തിക നിലയിലാണ്. പുതിയ വളർച്ചയുടെ ചുവട് പിടിച്ച് ബിസിനസ് വൈവിധ്യവൽക്കരിക്കുന്നതിനാണ് കമ്പനി ലക്ഷ്യമിടുന്നത്. ആഗോളതലത്തിൽ പ്രവർത്തനം വിപുലീകരത്തിലൂടെ വാർഷികാടിസ്ഥാനത്തിൽ 83 ശതമാനം ഏജൻസി വരുമാന വളർച്ച കൈവരിക്കാനും കമ്പനിക്കു കഴിഞ്ഞു.

# ബംഗളൂരു മാരത്തണിന്റെ ടൈറ്റിൽ സ്പോൺസറായി വിപ്രോ

**കൊച്ചി:** ഇന്ത്യയിലെ പ്രമുഖ ടെക്നോളജി സർവീസ് കമ്പനിയും കൺസൾട്ടിംഗ് കമ്പനിയുമായ വിപ്രോ ലിമിറ്റഡ്, ബംഗളൂരു മാരത്തണിന്റെ ടൈറ്റിൽ സ്പോൺസറായി എൻഇബി സ്പോർട്സുമായുള്ള പങ്കാളിത്തം പ്രഖ്യാപിച്ചു. അടുത്ത മൂന്നുവർഷത്തേക്കാണ് സ്പോൺസർഷിപ്പ് കരാർ. മാരത്തണിന്റെ പത്താം പതിപ്പ് 2023 ഒക്ടോബർ 8ന് നടക്കും. നഗരത്തിലെ പ്രധാന ലാൻഡ്മാർക്കുകളിലൂടെ കടന്നുപോവുന്ന മാരത്തൺ കണ്ഠീരവ സ്റ്റേഡിയത്തിൽ സമാപിക്കും. 20,000ത്തിലധികം പേർ പങ്കെടുക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. 42.195 കിലോമീറ്റർ ഫുൾ മാരത്തൺ, 21.1 കിലോമീറ്റർ ഹാഫ് മാരത്തൺ, അസോസിയേഷൻ ഓഫ് ഇന്റർനാഷണൽ മാരത്തൺസ് സാക്ഷ്യപ്പെടുത്തിയ 5 കി.മീ ഹോപ്പ് റൺ എന്നിങ്ങനെ മൂന്ന് വിഭാഗങ്ങളിലായിരിക്കും മാരത്തൺ നടക്കുക.മത്സരാർത്ഥികളുടെ ഫിറ്റ്നസ് പ്രോത്സാഹിപ്പിക്കുന്നതിനും, പങ്കെടുക്കുന്നവരെ പ്രധാന ഇവന്റിനായി തയ്യാറെടുക്കാൻ സഹായിക്കുന്നതിനും ആയി മൂന്ന് തയ്യാറെടുപ്പ് റണ്ണുകൾ ഉൾപ്പെടെ നഗരത്തിലുടനീളം നിരവധി പ്രവർത്തനങ്ങൾ എൻഇബി സ്പോർട്സ് സംഘടിപ്പിക്കും. കാഴ്ച പരിമിതി ഉള്ളവർക്കായി ഒരു പ്രത്യേക റണ്ണും, ബെംഗളൂരു മാരത്തണിന്റെ എൻജിഒ പങ്കാളിയായ സ്നേഹ കെയർ ഹോം കുട്ടികൾക്കായി മറ്റൊരു റണ്ണും ആസൂത്രണം ചെയ്തിട്ടുണ്ട്. ബെംഗളൂരു മാരത്തണിന്റെ ടൈറ്റിൽ സ്പോൺസർ ആകുന്നതിൽ ഏറെ സന്തോഷമുണ്ടെന്ന് വിപ്രോ ചീഫ് ഫിനാൻഷ്യൽ ഓഫീസർ ജതിൻ ദലാൽ പറഞ്ഞു.

# ലോട്ടസ് ചോക്ലേറ്റ് റിലയൻസ് ഏറ്റെടുത്തു

**കൊച്ചി/മുംബൈ :** ലോട്ടസ് ചോക്ലേറ്റ് കമ്പനി ലിമിറ്റഡിന്റെ 51% നിയന്ത്രണ ഓഹരി റിലയൻസ് കൺസ്യൂമർ പ്രൊഡക്സ് ലിമിറ്റഡ് (ഞഇജഘ) ഏറ്റെടുത്തു. 74 കോടി രൂപയ്ക്കാണ് ഓഹരികൾ ഏറ്റെടുത്തത്. ഒപ്പം 25 കോടി രൂപയ്ക്ക് ലോട്ടസിന്റെ മുൻഗണനാ ഷെയറുകളും ഏറ്റെടുത്തു. സെബി ടേക്ക് ഓവർ റെഗുലേഷൻസിന് കീഴിലുള്ള നിർദേശങ്ങൾക്ക് അനുസൃതമായി ഇക്വിറ്റി ഓഹരികൾ ഏറ്റെടുക്കലും റിലയൻസ് പൂർത്തിയാക്കി. 2023 മെയ് 24 മുതൽ ലോട്ടസിന്റെ മുഴുവൻ നിയന്ത്രണവും ഏറ്റെടുത്തതായി റിലയൻസ് അധികൃതർ അറിയിച്ചു

# എം ജി കോമറ്റുമായി സഹകരിക്കാൻ സിയറ്റ് ടയർ

**കൊച്ചി:** എംജി മോട്ടോർ ഇന്ത്യയുടെ ഏറ്റവും പുതിയ വൈദ്യുത വാഹനമായ എംജി കോമറ്റിന് അത്യാധുനീക സാങ്കേതികവിദ്യാ പിൻബലത്തോടെയുള്ള ടയറുകൾ നൽകാൻ സിയറ്റ് സഹകരിക്കും. വൈദ്യുത വാഹനത്തിൻറെ കാര്യക്ഷമതയും സൗകര്യവും വർധിപ്പിക്കുന്ന രീതിയിലുള്ള ടയറുകളാവും ഈ സഹകരണത്തിൻറെ ഭാഗമായി സിയറ്റ് നൽകുക. ഇന്ത്യയിലെ വളർന്നു വരുന്ന വൈദ്യത വാഹനങ്ങൾക്ക് ഉന്നത ഗുണമേന്മയുള്ള ടയറുകൾ ലഭ്യമാക്കാൻ തങ്ങൾ പ്രതിജ്ഞാബദ്ധരാണെന്ന് ഈ സഹകരണത്തെക്കുറിച്ചു പ്രതികരിക്കവെ സിയറ്റ് മാനേജിങ് ഡയറക്ടറും സിഇഒയുമായ അർണാബ് ബാനർജി പറഞ്ഞു. സൗകര്യപ്രദവും സുരക്ഷിതവും പരിസ്ഥിതി സൗഹാർദ്ദവുമായ ഡ്രൈവിങ് അനുഭവങ്ങൾ ഇന്ത്യൻ ഉപഭോക്താക്കൾക്കു നൽകാൻ സിയറ്റ് ടയറുകളോടു കൂടിയുള്ള എംജി കോമറ്റിൻറെ അവതരണ സഹായകമാകും എന്നും അദ്ദേഹം കൂട്ടിച്ചേർത്തു.വൈദ്യുത വാഹന മേഖലയിൽ ഏറ്റവും മികച്ചവ ലഭ്യമാക്കാനുള്ള ഇരുവരുടെയും പ്രതിബദ്ധതയാണ് ഈ സഹകരണത്തിലൂടെ വെളിവാകുന്നതെന്ന് എംജി മോട്ടോർ ഇന്ത്യ ഡെപ്യൂട്ടി മാനേജിങ് ഡയറക്ടർ ബിജു ബാലേന്ദ്രൻ പറഞ്ഞു. ഈ സഹകരണം അതിരുകൾ ഭേദിച്ച് ഇമൊബിലിറ്റിയുടെ ഭാവി പുനർനിർവചിക്കുന്നതിനും ഇന്ത്യയിലെ ഇവി വ്യവസായത്തിൻറെ വളർച്ചയ്ക്ക് നേതൃത്വം നൽകുന്നതിന് വഴിയൊരുക്കുന്നതായും അദ്ദേഹം കൂട്ടിച്ചേർത്തു.വൈദ്യുത വാഹന ടയറുകളുടെ രംഗത്ത് നിരവധി പുതിയ നീക്കങ്ങളാണ് സിയറ്റ് അടുത്ത കാലത്ത് അവതരിപ്പിച്ചിട്ടുള്ളത്. വൈദ്യുത ബസുകൾക്കും ഇരുചക്ര വാഹനങ്ങൾക്കും വേണ്ടിയുള്ള ടയറുകളും സിയറ്റ് പുറത്തിറക്കിയിട്ടുണ്ട്.

# കോഴ്സുകൾക്ക് അംഗീകാരം പുതുക്കി നൽകൽ ;കുഫോസിൽ വിദഗ്ദ സമിതിയുടെ പരിശോധന

**മാതൃക മത്സ്യകൃഷിയിടങ്ങളും കുഫോസിൻറെ പുതുവൈപ്പിലുള്ള ഫിഷറീസ് സ്റ്റേഷൻ കാമ്പസും സന്ദർശിക്കും സംഘം ശനിയാഴ്ച തിരിച്ചു പോകും.**



കൊച്ചി:ഇന്ത്യൻ കാർഷിക ഗവേഷണ കൗൺസിലിന്റെ(ഐ.സി.എ.ആർ)വിദഗ്ദ സമിതിയുടെ പരിശോധന കേരള ഫിഷറീസ് സമുദ്ര സർവ്വകലാശാലയിൽ (കുഫോസ്) തുടങ്ങി.ഫിഷറീസ് സയൻസിൽ കുഫോസ് നടത്തുന്ന ബിരുദ, ബിരുദാനന്തര ബിരുദ, പി.എച്ച്.ഡി കോഴ്സുകളുടെ അംഗീകാരം പുതുക്കുന്നതുമായി ബന്ധപ്പെട്ടാണ് രണ്ട് ദിവസത്തെ പരിശോധന.മുംബൈയിലെ സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് എഡ്യൂക്കേഷൻ മുൻ ഡയറക്ടറും വൈസ് ചാൻസലറുമായ ഡോ.ദിലീപ് കുമാർ അധ്യക്ഷനായ നാലംഗ വിദഗ്ദ സമിതിയാണ് കുഫോസിൽ പരിശോധന നടത്തുന്നത്. ഐ.സി.എ.ആർ മുൻ എ.ഡി.ജി (ഫിഷറീസ്) ഡോ.ശിവദർ സിങ്ങ് , ലുധിയാന ഫിഷറീസ് കോളേജ് ഡീൻ ഡോ.മീര ഡി.അൻസാൽ, ഐ.സി.എ.ആർ വിദ്യാഭ്യാസ വിഭാഗം പ്രിൻസിപ്പൽ സയൻറിസ്റ്റ് ഡോ.എസ്.ആർ.ശർമ്മ (കൺവീനർ) എന്നിവരാണ് വിദഗ്ദസമിതിയിലെ മറ്റ് അംഗങ്ങൾ.കുഫോസിലെത്തിയ വിഗദ്ധസമിതി അംഗങ്ങളെ വൈസ് ചാൻസലർ ഡോ.എം.റോസലിന്റ് ജോർജിന്റെയും രജിസ്ട്രാർ ഡോ.ദിനേശ് കൈപ്പിള്ളിയുടെയും നേതൃത്വത്തിൽ അധ്യാപകരും വിദ്യാർത്ഥികളും ചേർന്ന് സ്വീകരിച്ചു. തുടർന്ന് വൈസ് ചാൻസലർ ഡോ.റോസലിൻറ് ജോർജ് ഫിഷറീസ് പഠന മേഖലയിൽ കുഫോസിന്റെ സംഭാവനകളെയും നേട്ടങ്ങളെയും പ്രതിപാദിക്കുന്ന റിപ്പോർട്ട് അവതരിച്ചു. ഗവേഷണ രംഗത്ത് കൈവരിച്ച നേട്ടങ്ങളുടെയും ഗവേഷണ സൌകര്യങ്ങളെയും കുറിച്ചുള്ള റിപ്പോർട്ട് ഗവേഷണ വിഭാഗം മേധാവി ഡോ.ദേവിക പിള്ളയും വിജ്ഞാന വ്യാപന വിഭാഗത്തിൻറെ പ്രവർത്തനങ്ങളെ കുറിച്ചുള്ള റിപ്പോർട്ട് എക്സ്ടെൻഷൻ ഡയറക്ടർ ഡോ. ഡെയ്സി കാപ്പനും അവതരിപ്പിച്ചു.ഫിഷറീസ് ഫാക്കൽറ്റിയിലെ വിവിധ ഡിപ്പാർട്ട്മെന്റുകളും ലാബോറട്ടറികളും ഹാച്ചറികളും പരിശോധിച്ച സംഘം കുഫോസ് ലൈബ്രറിയിലെയും ബിസിനസ്സ് ഇൻകുബേഷൻ സെൻററിലെ സൌകര്യങ്ങളും വിലയിരുത്തി. വിദ്യാർത്ഥികളുമായി സംവദിച്ച വിദഗ്ധ സമിതി അംഗങ്ങൾ തുടർന്ന് പെൺകുട്ടികളുടെയും ആൺകുട്ടികളുടെയും ഹോസ്റ്റലുകളും പരിശോധിച്ചു.ഇന്ന് വിദഗ്ദ സമിതി അംഗങ്ങൾ കുഫോസ് വിവിധ സ്ഥലങ്ങളിൽ കർഷകരുമായി സഹകരിച്ച് നടത്തുന്ന മാതൃക മത്സ്യകൃഷിയിടങ്ങളും കുഫോസിൻറെ പുതുവൈപ്പിലുള്ള ഫിഷറീസ് സ്റ്റേഷൻ കാമ്പസും സന്ദർശിക്കും. വൈകുന്നേരത്തോടെ പരിശോധന പൂർത്തിയാക്കുന്ന സംഘം ശനിയാഴ്ച തിരിച്ചു പോകും. ഇന്ത്യയിലെ ആദ്യത്തെ ഫിഷറീസ് സർവ്വകലാശാലയാണ് കുഫോസ്.

# മുത്തൂറ്റ് റോയൽ ഗോൾഡ് സെന്റ് ജോർജ്ജ് സ്വർണ നാണയങ്ങൾ അവതരിപ്പിച്ചു




**കൊച്ചി:** എം മാത്യു മുത്തൂറ്റ് ഗ്രൂപ്പ് കമ്പനിയായ മുത്തൂറ്റ് റോയൽ ഗോൾഡ് 24 കാരറ്റ് സ്വർണത്തിലുള്ള അര ഗ്രാം, ഒരു ഗ്രാം, രണ്ടു ഗ്രാം സെന്റ് ജോർജ്ജ് നാണയങ്ങൾ അവതരിപ്പിച്ചു. മേജർ ആർച്ച് ബിഷപ് കർദിനാൾ മാർ ജോർജ്ജ് ആലഞ്ചേരി നാണയങ്ങൾ പുറത്തിറക്കി. മാത്യു മുത്തൂറ്റ് ഗ്രൂപ്പ് ചെയർമാൻ ഡോ. റോയ് എം മാത്യു, മുത്തൂറ്റ് മിനി ഫിനാൻസിയേഴ്സ് മാനേജിങ് ഡയറക്ടർ മാത്യു മുത്തൂറ്റ്, എംഎംഎഫ്എൽ സിഇഒ പി.ഇ മത്തായി, മുത്തൂറ്റ് റോയൽ ഗോൾഡ് അസോസ്സിയേറ്റ് വൈസ് പ്രസിഡന്റ് ജിസ്സൺ തോമസ് തുടങ്ങിയവർ സംബന്ധിച്ചു.സവിശേഷമായ സെന്റ് ജോർജ്ജ് നാണയങ്ങൾ പുറത്തിറക്കുന്നതിൽ തങ്ങൾക്ക് ഏറെ സന്തോഷമുണ്ടെന്ന് ഈ അവസരത്തിൽ സംസാരിച്ച മുത്തൂറ്റ് മിനി ഫൈനാൻസിയേഴ്സ് മാനേജിങ് ഡയറക്ടർ മാത്യു മുത്തൂറ്റ് പറഞ്ഞു. സെന്റ് ജോർജ്ജിന്റെ അനുഗ്രഹങ്ങളുമായി കൂടി ബന്ധപ്പെട്ട പ്രതീകമാണ് ഈ സ്വർണ നാണയങ്ങളെന്ന് മുത്തൂറ്റ് മിനി ഫിനാൻസിയേഴ്സ് സിഇഒ പി. ഇ മത്തായി പറഞ്ഞു.മിനി മുത്തൂറ്റ് ഫിനാൻസിയേഴ്സ് ശാഖകൾ സന്ദർശിച്ചോ കമ്പനി വെബ്സൈറ്റായ www.muthootturoyalgold.com വഴിയോ ഉപഭോക്താക്കൾക്ക് സെന്റ് ജോർജ്ജ് നാണയങ്ങൾ വാങ്ങാനാവും.

# മോട്ടോറോളയുടെ എഡ്ജ് 40 ഈ മാസം വിപണിയിലെത്തും

**തിരുവനന്തപുരം:** മോട്ടോറോളയുടെ 5ജി മൊബൈൽ ഫോൺ എഡ്ജ് 40 മെയ് 30ന് വിപണിയിലെത്തും. വാട്ടർ റെസിസ്റ്റന്റോടുകൂടിയ ലോകത്തിലെ തന്നെ ഏറ്റവും കനം കുറഞ്ഞ 5ജി സ്മാർട്ട് ഫോൺ ആണിത്. സാൻഡ് ബ്ലാസ്റ്റഡ് അലൂമിനിയം മെറ്റൽ ഫ്രെയിമോടുകൂടിയ പിയു വീഗൻ ലെതർ ഫിനിഷിങ് ആണ് ആകർഷണീയമാക്കുന്നത്.അതിവേഗതയിലുള്ള മീഡിയടെക് ഡിമെൻസിറ്റി 8020 പ്രോസസറും 144 എച്ച് സെഡ് 3ഡി കർവ്ഡ് ഡിസ്പ്ലേയും നൽകുന്ന ലോകത്തിലെ ആദ്യത്തെ സ്മാർട്ട് ഫോൺ ആണ് മോട്ടോറോള എഡ്ജ് 40 എന്ന് കമ്പനി അവകാശപ്പെടുന്നു.വയർലെസ് ചാർജിങ്, ഇസിം എന്നീ പ്രത്യേകതയും ഉണ്ട്. 2 യുഎം അൾട്രാ പിക്സൽ സാങ്കേതിക വിദ്യയുള്ള 50 എംപി ന്യൂ ക്യാമറയാണുള്ളത്.




29,999 രൂപയാണ് വില. ഫ് ളിപ് കാർട്ട് , മോട്ടോറോള.ഇൻ എന്നിവയിലും പ്രമുഖ റീട്ടെയിൽ സ്റ്റോറുകളിലും ലഭ്യമാകും. മെയ് 30ന് മുമ്പ് ബുക്ക് ചെയ്യുന്നവർക്ക് 9500 രൂപയുടെ സ്ക്രീൻ ഡാമേജ് പ്രൊട്ടക്ഷൻ ഓഫർ ലഭിക്കുമെന്നും കമ്പനി അധികൃതർ വ്യക്തമാക്കി.

# വാതദോഷം ജീവിത ശൈലിയിലൂടെ നിയന്ത്രിക്കാമെന്ന് വിദഗ്ധർ

**കൊച്ചി:** ഭക്ഷണ ക്രമത്തിലൂടെയും ശരിയായ വ്യായാമത്തിലൂടെയും വാതദോഷം നിയന്ത്രിക്കാമെന്ന് ആയുർവേദ വിദഗ്ധ ഡോ.നിതിക കോഹ്ലി. ക്ഷോഭം, ഉറക്കമില്ലായ്മ, ഭയം എന്നിവയായി പലപ്പോഴും പ്രകടമാകുന്ന സമ്മർദത്തിന്റെ കാരണം വാതദോഷ അസന്തുലിതാവസ്ഥയാണെന്ന് അവർ പറഞ്ഞു. ശാരീരികവും മാനസികവുമായ പൊരുത്തപ്പെടുത്തലുകൾക്കുള്ള നമ്മുടെ കഴിവിന് ആയുർവേദം വാതത്തെയാണ് ഉത്തരവാദിയാക്കുന്നത്. ഇത് നമ്മുടെ നാഡീവ്യൂഹം, അസ്ഥികൾ, കേൾവി എന്നിവയെ നിയന്ത്രിക്കുന്നു. ദഹനത്തിനു ശേഷമുള്ള മധുരം, ചൂട് എന്നീ ഗുണങ്ങൾ കാരണം വാതദോഷത്തെ ശമിപ്പിക്കാൻ ബദാം കഴിക്കുന്നത് ഗുണകരമാകുമെന്ന് അവർ പറഞ്ഞു. യോഗ പരിശീലനവും വാത ദോഷത്തെ ശമിപ്പിക്കാൻ സഹായിക്കും. ഭക്ഷണത്തിൽ അശ്വഗന്ധ ചേർക്കുന്നതും ഗുണം ചെയ്യും. പ്രകൃതിദത്തമായി ലഭിക്കുന്ന നിരവധി ഔഷധങ്ങൾക്ക് വാതത്തെ ഉത്തമീകരിക്കൽ ഗുണങ്ങളുണ്ട്. നിരവധി ആയുർവേദ ആരോഗ്യ ഗുണങ്ങൾക്ക് പേരുകേട്ടതാണ് അശ്വഗന്ധ എന്ന പച്ചമരുന്ന് എന്നും അവർ കൂട്ടിച്ചേർത്തു.

# കാതലിന്റെ സെക്കൻഡ് ലുക്ക് പോസ്റ്റർ റിലീസായി




**കൊച്ചി:** ചിത്രത്തിന്റെ അന്നൗൺസ്മെന്റ് മുതൽ പ്രേക്ഷകർ ഓരോ അപ്ഡേറ്റിനായി കാത്തിരിക്കുന്ന ചിത്രമാണ് ജിയോ ബേബി സംവിധാനം ചെയ്യുന്ന കാതൽ ദി കോർ. മമ്മൂട്ടി കമ്പനി നിർമ്മാണം നിർവഹിക്കുന്ന കാതൽ ദുൽഖർ സൽമാന്റെ വേഫേറെർ ഫിലിംസ് ആണ് വിതരണം ചെയ്യുന്നത്. സാലു കെ. തോമസ്സാണ് ഛായാഗ്രാഹകൻ. ആദർശ് സുകുമാരൻ, പോൾസൺ സ്കറിയ എന്നിവർ ചേർന്നാണ് തിരക്കഥ ഒരുക്കിയിരിക്കുന്നത്. മുത്തുമണി, ചിന്നു ചാന്ദിനി, സുധി കോഴിക്കോട്,അലിസ്റ്റർ അലക്സ്, അനഘ അക്കു, ജോസി സിജോ, ആദർശ് സുകുമാരൻ തുടങ്ങിയവർ മറ്റു പ്രധാന വേഷങ്ങളിൽ എത്തുന്നു. ചിത്രത്തിന്റെ എക്സിക്യൂട്ടീവ് പ്രൊഡ്യൂസർ എസ്. ജോർജാണ്. എഡിറ്റിങ്: ഫ്രാൻസിസ് ലൂയിസ്, സംഗീതം: മാത്യൂസ് പുളിക്കൻ,ഗാനരചന : അൻവർ അലി,ജാകിലിൻ മാത്യു, ആർട്ട്: ഷാജി നടുവിൽ, ലൈൻ പ്രൊഡ്യൂസർ: സുനിൽ സിംഗ്, പ്രൊഡക്ഷൻ കൺട്രോളർ: ഡിക്സൺ പൊടുത്താസ്, സൗണ്ട് ഡിസൈൻ: ടോണി ബാബു MPSE, ഗാനരചന: അലീന, വസ്ത്രാലങ്കാരം: സമീറാ സനീഷ്, മേക്കപ്പ്: അമൽ ചന്ദ്രൻ, കോ ഡയറക്ടർ: അഖിൽ ആനന്ദൻ, ചീഫ് അസോസിയേറ്റ് ഡയറക്ടർ: മാർട്ടിൻ എൻ. ജോസഫ്, കുഞ്ഞില മാസിലാമണി, പ്രൊഡക്ഷൻ എക്സിക്യൂട്ടീവ്: അസ്ലാം പുല്ലേപ്പടി, സ്റ്റിൽസ്: ലെബിസൺ ഗോപി,ഡിജിറ്റൽ മാർക്കറ്റിംഗ് :വിഷ്ണു സുഗതൻ, അനൂപ്, പബ്ലിസിറ്റി ഡിസൈനർ:ആന്റണി സ്റ്റീഫൻ, പി.ആർ.ഒ: പ്രതീഷ് ശേഖർ.

# സുരേഷ് ഗോപിയുടെ 'ജെ.എസ്.കെ' രണ്ടാം ഘട്ട ചിത്രീകരണം തുടങ്ങി



**കൊച്ചി:** സുരേഷ് ഗോപി, അനുപമ പരമേശ്വരൻ എന്നിവരെ കേന്ദ്ര കഥാപാത്രങ്ങളാക്കി പ്രവീൺ നാരായണൻ തിരക്കഥയെഴുതി സംവിധാനം ചെയ്യുന്ന ' ജെ.എസ്.കെ ' എന്ന ചിത്രത്തിന്റെ രണ്ടാം ഘട്ട ചിത്രീകരണം തൃശൂരിൽ ആരംഭിച്ചു.മാധവ് സുരേഷ്, ശ്രുതി രാമചന്ദ്രൻ, ദിവ്യാ പിള്ള, അസ്കർ അലി, ബൈജു സന്തോഷ്,യദു കൃഷ്ണൻ, രജത് മേനോൻ, അഭിഷേക് രവീന്ദ്രൻ, കോട്ടയം രമേശ്, ജയൻ ചേർത്തല,നിസ്താർ സേട്ട്, ഷോബി തിലകൻ, ദിലീപ് മേനോൻ, വൈഷ്ണവി രാജ്, അപർണ, രതീഷ് കൃഷ്ണൻ, ജയ് വിഷ്ണു, ഷഫീർ ഖാൻ, ജോസ് ചെങ്ങന്നൂർ, മഞ്ജുശ്രീ എന്നിവരാണ് മറ്റു പ്രമുഖ താരങ്ങൾ.കോസ്മോസ് എന്റർടൈയ്ൻമെന്റിന്റെ ബാനറിൽ നിർമ്മിക്കുന്ന ഈ ചിത്രത്തിന്റെ ഛായാഗ്രഹണം രണദിവേ നിർവ്വഹിക്കുന്നു.കോറൈറ്റർ ജയ് വിഷ്ണു, എഡിറ്റർ സംജിത് മുഹമ്മദ്.ലൈൻ പ്രൊഡ്യൂസർ സജിത് കൃഷ്ണ, പ്രൊഡക്ഷൻ കൺട്രോളർ മോഹൻ(അമൃത)കല-ജയൻ ക്രയോൺ, മേക്കപ്പ്പ്രദീപ് രംഗൻ,വസ്ത്രാലങ്കാരം അരുൺ മനോഹർ,സ്റ്റിൽസ് ജെഫിൽ,സൗണ്ട് ഡിസൈൻ അരുൺ വർമ്മ, ചീഫ് അസോസിയേറ്റ് ഡയറക്ടർ രാജേഷ് അടൂർ, അസോസിയേറ്റ് ഡയറക്ടർ ബിച്ചു,സവിൻ സാ, അസിസ്റ്റന്റ് ഡയറക്ടർ രാഹുൽ വി നായർ,അമ്മു മറിയ അലക്സ്, ഫിനാൻസ് കൺട്രോളർ എം കെ ദിലീപ് കുമാർ, ഡിജിറ്റൽ മാർക്കറ്റിംഗ് എന്റർടൈൻമെന്റ് കോർണർ, പ്രൊഡക്ഷൻ ഡിസൈനർ ജോൺ കുടിയാൻമല, പി ആർ ഒ എ എസ് ദിനേശ്.

# കർണാടകയിലെ ബ്യാഡ്ഗിയിൽ പുതിയ ഫാക്ടറി ആരംഭിച്ച് മാൻ കാൻകോർ



**കൊച്ചി:** ആഗോള സ്പൈസ് എക്സ്ട്രാക്ട് വിപണിയിലെ പ്രമുഖ കമ്പനികളിൽ ഒന്നായ കൊച്ചി ആസ്ഥാനമായ മാൻ കാൻകോർ, കർണാടകയിലെ ബ്യാഡ്ഗിയിൽ പുതിയ ഫാക്ടറി ആരംഭിച്ചു. കമ്പനിയുടെ ബിസിനസ് വ്യാപന പരിപാടിയുടെ ഭാഗമാണ് 50 ഏക്കറോളം വരുന്ന ഭൂമിയിലെ പുതിയ ഫാക്ടറി.ഹൈ കളർ വാല്യുയുള്ള മുളക് ഇനങ്ങൾ വ്യാപകമായി കൃഷി ചെയ്യപ്പെടുന്ന ബ്യാഡ്ഗിയിലെ നിർമാണ യൂണിറ്റ്, കേന്ദ്രസർക്കാരിന്റെ മേയ്ക്ക് ഇൻ ഇന്ത്യ പരിപാടിയുടെ കീഴിൽ വരും. ഫാക്ടറിയിൽ സജ്ജമാക്കിയിട്ടുള്ള കണ്ടിന്യുയസ് എക്സ്ട്രാക്ഷൻ ഫെസിലിറ്റിയും നൂതന സാങ്കേതികവിദ്യയും കമ്പനിയുടെ പ്രവർത്തനമികവ് പതിന്മടങ്ങ് മെച്ചപ്പെടുത്തി ഉത്പാദനത്തിൽ നാല് മടങ്ങ് വർധനവും ഉറപ്പാക്കും. കൂടാതെ എക്സ്ട്രാക്ഷന് കാർബൺ ഡയോക്സൈഡ് വാതകം ഉപയോഗിക്കുന്ന സൂപ്പർ ക്രിറ്റിക്കൽ ഫ്ളൂയിഡ് എക്സ്ട്രാക്ഷൻ പ്ലാന്റും ഫാക്ടറിയിൽ സജ്ജമാക്കിയിട്ടുണ്ട്.നിർമാണ പ്രക്രിയകൾ ലളിതമാക്കി മികച്ച പ്രവർത്തനക്ഷമത ഉറപ്പാക്കുന്നതിന് ഒരു സ്ഥലത്ത് തന്നെ വൻതോതിലുള്ള ഉത്പാദനം കേന്ദ്രീകരിക്കുക എന്നതാണ് തങ്ങളുടെ കാഴ്ചപ്പാടെന്ന് മാൻ ഗ്രൂപ്പ് പ്രസിഡന്റ് ജോൺ മാൻ വ്യക്തമാക്കി. ഉത്പാദനം നാല് മടങ്ങ് വർധിക്കുന്നതോടൊപ്പം പുതിയ ഫാക്ടറിയിലൂടെ പ്രത്യക്ഷ തൊഴിലിൽ 50 ശതമാനം വർധനവുണ്ടാകുമെന്നതും ഏറെ സന്തോഷകരമാണെന്നും അദ്ദേഹം പറഞ്ഞു. ഇതിന് പുറമേ കർണാടക, ആന്ധ്രപ്രദേശ്, തെലങ്കാന, കേരളം എന്നീ സംസ്ഥാനങ്ങളിലെ കർഷകർ ഉൾപ്പെടെ 10,000ലേറെ പേർക്ക് തൊഴിൽ അവസരങ്ങൾ ഒരുക്കുകയും ചെയ്യും. ബ്യാഡ്ഗിയിലെ കമ്പനി ഭൂമിയുടെ മൂന്നിലൊന്ന് ഭാഗം മാത്രമാണ് പുതിയ ഫാക്ടറിക്കായി ഉപയോഗിച്ചിട്ടുള്ളത്. അതുകൊണ്ട് തന്നെ കൂടുതൽ വികസനത്തിന് സാധ്യതകളുണ്ടെന്നും ജോൺ മാൻ കൂട്ടിച്ചേർത്തു.2019ൽ മാൻ കാൻകോറിന്റെ സുവർണ ജൂബിലിയോട് അനുബന്ധിച്ച് പ്രഖ്യാപിച്ചതാണ് നിലവിലുള്ള ബ്യാഡ്ഗി യൂണിറ്റിലെ പുതിയ ഗ്രീൻ ഫീൽഡ് പദ്ധതി. ഉടമസ്ഥ കമ്പനിയായ മാൻ ഈ പദ്ധതിയിൽ നേരിട്ടുള്ള വിദേശ നിക്ഷേപമായി 200 കോടിയിലേറെ രൂപ നിക്ഷേപിച്ചിട്ടുണ്ട്. ഫ്രാൻസ് ആസ്ഥാനമായ മാൻ, ലോകത്തിലെ തന്നെ അഞ്ചാമത്തെ വലിയ സുഗന്ധവ്യഞ്ജന സംസ്കരണ സ്ഥാപനമാണ്. മാൻ കാൻകോറിന്റെ ഇന്ത്യയിലെ ഏറ്റവും വലിയ നിർമാണ യൂണിറ്റാണ് ഇപ്പോൾ ബ്യാഡ്ഗിയിലെ ഫാക്ടറി.1969–70 വർഷത്തിൽ ഇന്ത്യയിൽ സ്പൈസ് എക്സ്ട്രാക്ഷൻ യൂണിറ്റ് സ്ഥാപിച്ച ആദ്യ കമ്പനിയാണ് മാൻ കാൻകോറെന്ന് കമ്പനി എക്സിക്യൂട്ടിവ് ഡയറക്ടറും സിഇഒയുമായ ഡോ. ജീമോൻ കോര ഉദ്ഘാടനച്ചടങ്ങിൽ പറഞ്ഞു. 50 ഏക്കറോളം വരുന്ന ഭൂമിയിൽ 1.5 ലക്ഷം ച.അടി വിസ്തൃതിയിലാണ് പുതിയ ഫാക്ടറി നിർമിച്ചിരിക്കുന്നത്. ശാസ്ത്രീയമായ നിർമാണരീതിയുടെ വികസനത്തോടൊപ്പം ബിസിനസ് നടത്തിപ്പിൽ അത്യാധുനിക സാങ്കേതികവിദ്യകളുടെ സംയോജനത്തിനും സഹായകമായ പുതിയ പ്ലാന്റ്, കമ്പനിയുടെ ഉത്പാദനക്ഷമത വളരെയധികം വർധിപ്പിക്കും. നാച്ചുറൽ കളറുകൾ, നാച്ചുറൽ ആന്റിഓക്സിഡന്റുകൾ, പേഴ്സണൽ കെയർ ഇൻഗ്രേഡിയന്റ്സ് തുടങ്ങിയ മേഖലകൾ കേന്ദ്രീകരിച്ചുള്ള കമ്പനിയുടെ പ്രവർത്തനങ്ങൾക്ക് പുതിയ ഫാക്ടറി കൂടുതൽ ഊർജം പകരുമെന്നും ജീമോൻ കോര വ്യക്തമാക്കി.കൃഷി സ്ഥലത്തിന് സമീപമായി നിർമാണ യൂണിറ്റെന്ന കമ്പനിയുടെ വീക്ഷണത്തിന്റെ ഭാഗമായാണ് പരിസ്ഥിതി സൗഹൃദമായി നിർമിച്ച പുതിയ ഫാക്ടറി. മുളകിന് പുറമേ റോസ്മേരി, വിവിധയിനം സുഗന്ധവ്യഞ്ജനങ്ങൾ തുടങ്ങിയവയുടെ സംസ്കരണത്തിനും അനുയോജ്യമായതാണ് ഈ പ്ലാന്റ്. സീറോ വേസ്റ്റ് മാനേജ്മെന്റ് സംവിധാനമാണ് പ്ലാന്റിന്റെ മറ്റൊരു സവിശേഷത. നിർമാണത്തിനിടെ ഉത്പാദിക്കപ്പെടുന്ന ബയോമാസ് ബോയിലറുകളിലും, മാലിന്യസംസ്കരണ പ്ലാന്റിൽ ഉത്പാദിപ്പിക്കപ്പെടുന്ന വാതകം ഫാക്ടറി കാന്റീനിലും ഇന്ധനമായി ഉപയോഗിക്കുന്നു. മാലിന്യ സംസ്കരണ പ്ലാന്റിൽ നിന്നുള്ള വെള്ളം ജലസേചനത്തിനും ഉപയോഗിക്കുന്നു.നേരത്തെ കാൻകോർ ഇൻഗ്രേഡിയന്റ്സ് ലിമിറ്റഡ് എന്നറിയപ്പെട്ടിരുന്ന മാൻ കാൻകോർ ഇൻഗ്രേഡിയന്റ്സ് 1969ലാണ് സ്ഥാപിതമായത്. എന്നാൽ സുഗന്ധവ്യഞ്ജന വ്യാപാരത്തിൽ കമ്പനിയുടെ വേരുകൾ 1857 മുതൽക്ക് തന്നെ ലോകത്തിന്റെ സുഗന്ധവ്യഞ്ജന തലസ്ഥാനമായി അറിയപ്പെട്ടിരുന്ന കൊച്ചിയിലുണ്ട്.

# സൈനിക ജോലി നേടാൻ സൗജന്യ പരിശീലനം



**ആലപ്പുഴ:** സർക്കാരിന്റെ മൂന്നാം 100 ദിന കർമ പരിപാടിയിൽ ഉൾപ്പെടുത്തി പട്ടിക ജാതി വിഭാഗക്കാർക്കായി നടത്തുന്ന ഉന്നതി പ്രീറിക്രൂട്ട്മെന്റ് ട്രെയിനിങ് പരിശീലന പദ്ധതിയിലൂടെ സൈനിക അർദ്ധ സൈനിക പൊലീസ്, എക്സൈസ് തുടങ്ങിയ സേനാവിഭാഗങ്ങളിൽ തൊഴിൽ നേടാൻ ആഗ്രഹിക്കുന്ന യുവജനങ്ങൾക്ക് രണ്ടു മാസക്കാലത്തെ റസിഡൻഷ്യൽ പരിശീലനം നൽകുന്നു. 18നും 26നും ഇടയിൽ പ്രായമുള്ളവർക്കാണ് അവസരം. താത്പര്യമുള്ളവർ, യോഗ്യത (പ്ലസ്ടു), ജാതി, എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടേയും ആധാറിന്റേയും പകർപ്പും മൂന്ന് പാസ്പോർട്ട് സൈസ് ഫോട്ടോയും സഹിതം ജൂൺ ആറിന് രാവിലെ 11ന് ജില്ല പട്ടികജാതി വികസന ഓഫീസിൽ എത്തണം. ഫോൺ: 9447469280, 9447546617.




# സൺഡേ ടൈംസ് സമ്പന്നപട്ടിക: ഹിന്ദുജ കുടുംബം ഒന്നാമത്



**കൊച്ചി:** ഹിന്ദുജ കുടുംബവും ഹിന്ദുജ ഗ്രൂപ്പ് കോചെയർമാൻ ഗോപീചന്ദ് ഹിന്ദുജയും ദി സൺഡേ ടൈംസിന്റെ സമ്പന്ന പട്ടികയിൽ ഒന്നാം സ്ഥാനത്തെത്തി. തുടർച്ചയായി അഞ്ചാം തവണയാണ് 108 വർഷത്തെ ചരിത്രവും 3500 കോടി പൗണ്ട് ആസ്തിയുമായി ഹിന്ദുജ ഗ്രൂപ്പ് ഒന്നാമതെത്തുന്നത്.യുകെയിലെ താമസിക്കാരിൽ ഏറ്റവും സമ്പന്നരായ ആയിരം വ്യക്തികൾ/കുടുംബങ്ങളുടെ പട്ടികയാണ് സൺഡേ ടൈംസ് തയാറാക്കുന്നത്.ഹിന്ദുജ കുടുംബത്തിലേയും സ്ഥാപനങ്ങളിലേയും ഒരോ അംഗത്തിന്റേയും കൂട്ടായ പ്രയത്നത്തിന്റേയും അചഞ്ചലമായ അർപ്പണബോധത്തിന്റേയും പ്രതിബദ്ധതയുടേയും തെളിവാണ് ഈ അംഗീകാരം. ഈ നേട്ടത്തിന് നന്ദി രേഖപ്പെടുത്തിക്കൊണ്ട് ഗോപിചന്ദ് ഹിന്ദുജ പറഞ്ഞു.

RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-35122883501, Kerala.E-mail-societytodaynews@gmail.com